# ജനനീതി

154

ഫെബ്രുവരി 2010

3.00 രു.



**രണ്ടു ധീരവനിതകൾ** – തന്റെ സ്നേഹിതയെ മാനഭംഗപ്പെടുത്തിയ ഹരിയാന ഡി.ജി.പി. റാത്തോറിന്നെതിരായ കേസ് സകലവിധ ഭീഷണികളേയും അവഗണിച്ച് അറ്റംവരെ പിൻതുടർന്ന ആരാധനയും (ഇടത്ത്) കാശ്മീരിലെ തന്റെ വീട്ടിൽ അതിക്രമിച്ചു കയറിയ ഭീകരനെ വെടിവച്ചുകൊന്ന റുക്സാനയും കണ്ടുമുട്ടിയപ്പോൾ.

# നിരുപയോഗ നിയമം: ഒരു സാമ്പിൾ

**- മീന മേനോൻ -**

തൊഴിലവകാശ നിയമം പ്രാബല്യത്തിൽ വന്നിട്ട് കൊല്ലം മൂന്നു കഴിഞ്ഞു. എന്നാൽ മഹാരാഷ്ട്രത്തിലെ മേൽഘട്ട് മേഖലയിൽ ഇനിയും അതു നടപ്പാക്കിയിട്ടില്ല.

അമരാവതിയിലെ ചില സന്നദ്ധ സംഘടനകൾ ചേർന്ന് മേൽഘട്ടിൽ നടത്തിയ അന്വേഷണത്തിൽ നിയമം ഏട്ടിലെ പശുവാണെന്നു കണ്ടു. തൊഴിൽ രഹിതരായ ജനങ്ങൾ മറ്റു പ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർത്തു തുടങ്ങയിട്ടുണ്ട്.

ധരണി, ചിക് ഖൽ ധാര എന്നീ രണ്ടു ജില്ലകൾ ഉൾപ്പെട്ടമേഖലയാണ് മേൽഘട്ട്. അവിടെ ഇതിനകം 900 പേർക്കു മാത്രമേ തൊഴിൽ നൽകിയിട്ടുള്ളൂവെന്ന് അധികൃതർ തന്നെ പറയുന്നു. ഇങ്ങനെ ഒരു തൊഴിലവകാശ നിയമം ഉള്ളതായിപോലും പലർക്കും അറിവില്ല. ജനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകാൻ സന്നദ്ധ പ്രവർത്തകരില്ലാത്തതാണ് പ്രശ്നം; അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥർ അലസരായി കഴിയുന്നു.

അപൂർവ്വം ചിലർക്ക് പണി കിട്ടിയെങ്കിലും അവരിൽ പലർക്കും ഇനിയും വേതനം കിട്ടിയിട്ടില്ല. ഒരാൾക്ക് മൂന്നു കൊല്ലമായി വേതനം നൽകിയിട്ടില്ല. പലരും വീട്ടുമൃഗങ്ങളെ വിറ്റ് മറുനാടുകളിലേക്ക് തൊഴിലും തേടി ഇറങ്ങിക്കഴിഞ്ഞു. പണിയെടുത്താൽ അടുത്ത കാലത്തൊന്നും വേതനം കിട്ടില്ല; മറുനാട്ടിൽ പോയി വല്ല പണിയുമെടുത്താൽ കൂലി കയ്യോടെ കിട്ടും. അതിനാൽ പലരും തൊഴിലവകാശ നിയമം പ്രയോജനപ്പെടുത്തുന്നില്ല.

തൊഴിലവകാശ പദ്ധതി നടപ്പാക്കുന്നതിൽ മുൻകയ്യെടുക്കേണ്ടത് ഗ്രാമസേവകരാണ്. ഗവർമ്മേണ്ടിന്നും ജനങ്ങൾക്കുമിടക്കുള്ള കണ്ണിയായി പ്രവർത്തിക്കേണ്ടതവരാണ്. പക്ഷെ തീരെ താൽപര്യം കാണിക്കാത്തവർ ഗ്രാമസേവകരാണ്.

സന്നദ്ധ സംഘടനകൾ നടത്തിയ ജനകീയ വിചാരണക്ക് ഉടൻതന്നെ ഫലമുണ്ടായി. അമരാവതി ജില്ലാ കലക്ടർ ജനകീയാന്വേഷണത്തിൽ പങ്കെടുത്തില്ലെങ്കിലും കയ്യോടെ മേൽ നടപടിയെടുക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

തൊഴിലവകാശ പ്രശ്നത്തിലെന്നപോലെ വനം അവകാശ പ്രശ്നത്തിലും മേൽഗതിയൊന്നും ഉണ്ടായിട്ടില്ല. ആകെ 1700 പേർ കാടുപതിച്ചു കിട്ടാൻ അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ ഏതാണ്ട് 400 അപേക്ഷകളിലേ അന്വേഷണം നടത്തിയിട്ടുള്ളൂ. ❑



ജനനീതി

ഫെബ്രുവരി 2010

154

പത്രാധിപർ:

ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:

കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജന നീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ഇവരീ നാടിനെ മുച്ചൂടും മുടിച്ചേ ഇറങ്ങിപ്പോകൂ

കേന്ദ്രഗവർമ്മേണ്ട് ഈയടുത്ത അവസരത്തിൽ രണ്ടു മഹാമാരണങ്ങളാണ് ജനങ്ങളുടെ തലയിൽ വച്ചുകെട്ടിയിരിക്കുന്നത്. ഒന്നാമത്തേത് ഒരു സംസ്ഥാന പുനസ്സംഘടനാ പദ്ധതിയാണ്; രണ്ടാമത്തേത് ഒരു സംവരണ പുനസ്സംഘടനാ പദ്ധതിയും. അടുത്തുകൂടിയെങ്ങാനും ഒരു തീപ്പൊരി പറന്നുപോയാൽ വീടിനെയാകെ അഗ്നികുണ്ഡമാക്കാൻ കഴിവുള്ളതാണ് രണ്ടും.

1956ലെ സംസ്ഥാന പുനഃസംഘടന തന്നെ വലിയൊരു മാരണമായിരുന്നു. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനയുണ്ടാക്കാവുന്ന വിപത്തുകളെക്കുറിച്ച് അന്നുതന്നെ വിവേകമതികളെല്ലാം മുന്നറിയിപ്പു നൽകിയിരുന്നു. പക്ഷെ ഭാഷാ ഭ്രാന്ത് അന്ന് മിക്കവരുടേയും തലയ്ക്കടിച്ചിരുന്നതിനാലും കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അതിപ്രഗത്ഭരായ ഒട്ടേറെ നേതാക്കന്മാരുണ്ടായിരുന്നതിനാലും ആ തീക്കൊള്ളികൊണ്ട് തല ചൊറിഞ്ഞിട്ടും വലിയ അപകടമൊന്നും സംഭവിച്ചില്ല. എങ്കിലും ഒട്ടേറെ തർക്കങ്ങൾ അവശേഷിപ്പിച്ചുകൊണ്ടാണ് അന്നത്തെ സംസ്ഥാന പുനഃസംഘടന നടന്നത്. കേരളത്തിലെ കാസർകോടിന്നുവേണ്ടി കർണാടകക്കാർ നടത്തിവരുന്ന അവകാശവാദം തന്നെ ഒരു ഉദാഹരണം. കർണാടകവും മഹാരാഷ്ട്രവും തമ്മിലുള്ള തർക്കം മറ്റൊരു ഉദാഹരണം. വാസ്തവത്തിൽ അതിർത്തി തർക്കമൊന്നുമില്ലാത്ത ഒരേയൊരു സംസ്ഥാനം ആന്തമാനാണെന്നു തോന്നുന്നു.

ഏതായാലും 1956 ലെ സംസ്ഥാന പുനഃസംഘടന വലിയ പോറലൊന്നു മേൽപ്പിക്കാതെ കടന്നുപോയി. എന്നാൽ അരനൂറ്റാണ്ടിന്നുശേഷം ഇപ്പോഴിതാ വീണ്ടും ഒരു പുനഃ

സംഘടനാ വിവാദം ഉയർന്നു വന്നിരിക്കുന്നു. പഴയ മദ്രാസ് സംസ്ഥാനത്തിൽനിന്ന് തെലുങ്കു ഭാഷാപ്രദേശങ്ങൾ വേർതിരിച്ചു കിട്ടാനായി ശ്രീരാമലു പോറ്റി നടത്തിയ നിരാഹാരവ്രതവും ആത്മത്യാഗവുമാണ് ഒന്നാമത്തെ സംസ്ഥാന പുനഃസംഘടനക്ക് കാരണമായതെങ്കിൽ, ഇത്തവണ തെലുങ്കു ഭാഷാ പ്രദേശങ്ങളിൽനിന്ന് തെലുങ്കാനാ പ്രദേശം വേർതിരിച്ചു കിട്ടാനായി നടത്തിയ ഒരു നിരാഹാരവ്രതമാണ് പ്രശ്നത്തെ കലുഷമാക്കിയത്. ഈ രണ്ടാം നിരാഹാരവ്രതത്തെ കരളുറപ്പോടെ നേരിടാനല്ല കേന്ദ്രഗവർമ്മേണ്ട് തയ്യാറായത്. ഒരുപക്ഷെ ഭരണം നിലനിർത്താനുള്ള വ്യഗ്രതകൊണ്ടാകാം, കേന്ദ്ര ആഭ്യന്തരകാര്യമന്ത്രി പി. ചിദംബരം ഒരു പാതിരാ പ്രഖ്യാപനത്തിലൂടെ തെലുങ്കാനക്ക് അംഗീകാരം നൽകി. സ്വന്തം പാർട്ടിക്കാരുമായിപോലും കൂടിയാലോചിക്കാതെ നടത്തിയ ഈ പ്രഖ്യാപനത്തിന്നു തുല്യമായി ഒന്നുണ്ടെങ്കിൽ, അത് 1975 ലെ അടിയന്തരാവസ്ഥാ പ്രഖ്യാപനം മാത്രമാണ്.

മോങ്ങാനിരിക്കുന്ന നായയുടെ തലയിലൊരു തേങ്ങ വീണു എന്നു പറയാറുള്ളതുപോലെ, ചിദംബരത്തിന്റെ ഈ പാതിരാ പ്രഖ്യാപനത്തോടെ പലരും സംസ്ഥാന വിഭജന വാദവുമായി മുന്നോട്ടുവന്നു. ബംഗാളിലെ വടക്കൻ മേഖലയിലെ ഗൂർഖകൾ ആന്ധ്രക്കാരെപ്പോലെ നിരാഹാരത്തിന്നു മുതിർന്നു. ഉത്തരപ്രദേശിനെ രണ്ടല്ല മൂന്നോ നാലോ ആയി തിരിക്കണമെന്ന് അവിടത്തെ മുഖ്യമന്ത്രിയായ മായാവതി തന്നെ ആവശ്യപ്പെട്ടു. മഹാരാഷ്ട്രത്തിൽ വിദർഭക്കാർ പണ്ടേ സംസ്ഥാനവാദികളാണെങ്കിലും അവിടെ അതുകൊണ്ടവസാനിക്കുമെന്നു തോന്നുന്നില്ല; കൊങ്കൺ മേഖലക്കാർക്കും ഒരു പാട് പരാതികളുണ്ട്. ഈ സംസ്ഥാന പുനർവിഭജന ഭൂതം എവിടെയെല്ലാം എപ്പോഴെല്ലാം പ്രത്യക്ഷപ്പെടുമെന്ന് ആർക്കും പ്രവചിക്കാനാവില്ല. അതുകൊണ്ടായിരിക്കാം ഒരു രണ്ടാം സംസ്ഥാന പുനർവിഭജന കമ്മീഷനെ നിയമിക്കുന്ന കാര്യം ചർച്ചാവിഷയമായത്. ഇതൊടുവിൽ ഓരോ പാർലിമെന്റ് മണ്ഡലവും ഓരോ സംസ്ഥാനമെന്ന നിലയിൽ 445 സംസ്ഥാനങ്ങളായി രൂപാന്തരപ്പെട്ടുകൂടെന്നില്ല. അത് വലിയൊരു നേട്ടമാകും. പണ്ട് ഇന്ത്യയിൽ 600 നാട്ടു രാജ്യങ്ങളും "ഹിസ് ഹൈനസ്സു"മാരും ഉണ്ടായിരുന്നതല്ലേ? 445സംസ്ഥാനങ്ങളാകുമ്പോൾ എത്രയെത്ര പേർക്ക് മന്ത്രിമാരാകാൻ പറ്റും. 445 ഗവർണ്ണർമാർ; 445 മുഖ്യമന്ത്രിമാർ; അതിന്റെ പത്തിരട്ടിയെങ്കിലും മന്ത്രിമാരും വരും. പക്ഷെ അപ്പോഴും തർക്കം തീരില്ല. പണ്ട് ബ്രിട്ടീഷുകാർ ഓരോ നാട്ടുരാജ്യത്തിലും രാജാവിന്റെ ചെലവിൽ ബ്രിട്ടീഷ് സേനാ വിഭാഗത്തെ നിർത്താറുള്ളതുപോലെ, കേന്ദ്രഗവർമ്മേണ്ടിന്നും ഒട്ടേറെ ഭടന്മാരെ സംസ്ഥാനങ്ങളിൽ, സംസ്ഥാനങ്ങളുടെ ചെലവിൽ നിലനിർത്തേണ്ടിവരും.

ഈ സംസ്ഥാന പുനഃസംഘടനാ പ്രശ്നം ആളിക്കത്തുന്നതിന്നിടയിലാണ് കേന്ദ്രഗവർമ്മേണ്ട് ജസ്റ്റീസ് രംഗനാഥമിശ്രാ കമ്മീഷന്റെ സംവരണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നത്. സംവരണത്തിന്ന് അതിദീർഘമായ ഒരു ചരിത്രമുണ്ട്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ധനികരും ദരിദ്രരുമുണ്ട്. ഇന്നത്തെ ധനികൻ നാളത്തെ ദരിദ്രനും മറിച്ചും സംഭവിക്കാം. "മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പേറ്റുന്നതും ഭവാൻ" എന്നാണല്ലോ ചൊല്ല്. എന്നാൽ ഇന്ത്യയിൽ മാത്രം ഒരു വ്യത്യാസമുണ്ട്. ഇവിടെ മാറാപ്പേറ്റുന്നത് ജാതിയുടെ അടിസ്ഥാനത്തിലാണ്. ഒരു ദളിതൻ കോടീശ്വരനായാലും അയിത്തക്കാരനാണ്. ചിരട്ടയിലോ മൺപാത്രത്തിലോ മാത്രമേ അയാൾക്ക് ചായ കിട്ടൂ. ഇതൊക്കെ സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും പ്രയോഗത്തിൽ ഇന്നും അയിത്താചരണം നിലനിന്നുവരുന്നു. നൂറ്റാണ്ടുകളായി നിലനിന്നുവരുന്ന ഈ വിവേചനം മാറികിട്ടണമെങ്കിൽ നൂറ്റാണ്ടുകളോളം നീണ്ടുനിൽക്കുന്ന പരിശ്രമം വേണ്ടിവരും. ഈയൊരു ബോധംമൂലമാണ് ഇന്ത്യൻ ഭരണഘടനയിൽ സംവരണ വ്യവസ്ഥ എഴുതിച്ചേർത്തിരിക്കുന്നത്. അരനൂറ്റാണ്ടു കാലം വലിയ പ്രശ്നമൊന്നുമില്ലാതെ കഴിഞ്ഞു. ജനസംഖ്യയിൽ പകുതി വരുന്ന പിന്നോക്ക ജാതിക്കാർക്ക് 27 ശതമാനം സംവരണം ഏർപ്പെടുത്തിയതു മാത്രമാണ് ഒരപവാദം. എന്നാൽ ഇപ്പോൾ സ്ഥിതി മാറിയിരിക്കുന്നു. സംവരണത്തിന്റെ അടിത്തറ തന്നെ മിശ്ര കമ്മീഷൻ പൊളിച്ചു പണിയുന്നു. ദരിദ്രർക്കെല്ലാം സംവരണം എന്നാണ് പുതിയ സമീപനം. ഇത് നടപ്പാക്കണമെങ്കിൽ ഭരണഘടന പൊളിച്ചെഴുതണം. കാരണം സാമ്പത്തികാടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്താൻ ഭരണഘടന അനുവദിക്കുന്നില്ല. കാരണം വ്യക്തം. കാലാവസ്ഥയുടെ സ്ഥിതിയെന്നപോലെ ദാരിദ്ര്യത്തിന്റെ സ്ഥിതയും പ്രവചനാതീതമാണ്. ഇന്നത്തെ ധനികൻ ഒരു കൊല്ലം കൊണ്ട് പരമ ദരിദ്രനായെന്നു വരാം; മറിച്ച് ഇന്നത്തെ ദരിദ്രൻ നാളെ സമ്പന്നനായെന്നും വരാം. മാത്രമല്ല, ആരാണൊരാൾ ദരിദ്രനാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത്? കയ്യിൽ കാശുണ്ടെങ്കിൽ ഏതു ലക്ഷപ്രഭുവിനും ദരിദ്രനാണെന്ന സർട്ടിഫിക്കറ്റ് സംഘടിപ്പിക്കാം. സംഘടിപ്പിക്കാമെന്നല്ല, ഇപ്പോൾതന്നെ അങ്ങനെയെല്ലാം നടന്നുവരുന്നുണ്ട്. ഒരു നിശ്ചിത വരുമാനത്തിൽ താഴെ വരുമാനമുള്ളവരുടെ കുട്ടികൾക്ക് ഫീസ് സൗജന്യം നൽകുന്ന ചില പദ്ധതികളുണ്ട്. ഈ ആനുകൂല്യം സമ്പാദിക്കാനായി എത്രയോ ധനികൾ ദരിദ്രരാണെന്ന് സർട്ടിഫിക്കറ്റ് സംഘടിപ്പിച്ചുവരുന്നു.

മുന്നോക്ക സമുദായങ്ങളിൽ ദരിദ്രരും പരമദരിദ്രരുമായ ഒട്ടേറെ പേരുണ്ടെന്നത് ഒരു സത്യമാണ്. അവരെ ഉദ്ധരിക്കാൻ സഹായഹസ്തം നീട്ടേണ്ടത് ഗവർമ്മേണ്ടിന്റെ കടമയുമാണ്. പക്ഷെ അതിനുള്ള മാർഗ്ഗം സംവരണമല്ല. ഒന്നാമത് ഇന്ത്യയിൽ ഇനി ഭരണഘടന ഭേദഗതി ചെയ്യുന്നത് പ്രായോഗികമല്ല. ജഡ്ജിമാരെ കുറ്റ വിചാരണ നടത്തി ശിക്ഷിക്കാൻ വ്യവസ്ഥയുണ്ടായിട്ടും നമുക്കതിന്ന് കഴിയാത്തത് പാർലിമെന്റിന്റെ പിന്തുണ ലഭിക്കായ്കയാലാണെന്ന് ഓർക്കുക. സംവരണം പോലെ അത്ര മാത്രം വിവാദപരമായ ഒരു വിഷയത്തിൽ ഭരണഘടനാ ഭേദഗതിക്കാവശ്യമായ മൂന്നിൽ രണ്ടു ഭൂരിപക്ഷം സംഘടിപ്പിക്കുന്നത് അപ്പോൾ എളുപ്പമാകില്ല.

ദരിദ്രരെ സഹായിക്കാൻ സംവരണത്തിന്നപ്പുറം വേറേയും മാർഗ്ഗങ്ങൾ പലതുണ്ട്. ഈയിടെ കേരളം നടപ്പാക്കിയ നൂറുകോടി രൂപയുടെ സ്കോളർഷിപ്പ് പദ്ധതി ഒരു മാതൃകയാണ്. ഗവർമ്മേണ്ടിന്നു മാത്രമല്ല, സമൂഹത്തിന്നും ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ കഴിയും. ലക്ഷങ്ങൾ ശമ്പളം വാങ്ങുന്ന ധാരാളം പേർ നാട്ടിലുണ്ട്. അവർ ശമ്പളത്തിലൊരോഹരി നീക്കിവച്ചാൽ ദരിദ്രരെ സഹായിക്കാനൊരു നിധിയുണ്ടാക്കാൻ കഴിയും; കഴിയുമെന്നല്ല ഇത്തരം നിധികൾ പലതും ഇന്ന് നിലവിലുണ്ട്. സംഘടനാ വൈദഗ്ധ്യമുള്ള ചിലർ മുന്നിട്ടിറങ്ങിയാൽ ഇത്തരം ഓരോ നിധി ഓരോ ഗ്രാമത്തിലും സ്വരൂപിക്കാവുന്നതേയുള്ളൂ.

യഥാർത്ഥ പ്രശ്നം അതല്ല. സംവരണത്തെച്ചൊല്ലി സമൂഹത്തിൽ സ്പർദ്ധ വളർത്താനല്ലാതെ ഈ മിശ്രകമ്മീഷന്റെ റിപ്പോർട്ടിന്ന് എന്തെങ്കിലും ഫലമുണ്ടാകുമെന്ന് തോന്നുന്നില്ല. സംവരണാനുകൂല്യം അനുഭവിച്ചു വരുന്നവ

# ആരുടെ തലക്കും പാകമാകുന്ന ഒരു കുറ്റപത്രം

**ഇം**ഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. തൊപ്പി ആരുടെ തലയ്ക്കാണ് പാകമെങ്കിൽ എടുത്തുവയ്ക്കാം. അതുപോലെ നമ്മുടെ പോലീസിന്റെ കയ്യിലുമുണ്ട് ഒരു തൊപ്പി. ഈ തൊപ്പിയുടെ പ്രത്യേകത അത് ആരുടെ തലക്കും പാകമാകുമെന്നതാണ്. ആ തൊപ്പിയുടെ പേരാണ് കുറ്റപത്രം എന്നത്.

കഴിഞ്ഞ സെപ്തംബർ 23ന്നു വർക്കലക്കടുത്ത ഒരു നാട്ടിൻപുറത്ത് ഒരു സാധുവിനെ ആരോ വെട്ടിക്കൊന്നു. ഘാതകൻ ആരാണെന്നതിനെപ്പറ്റി ആർക്കും ഒരു തുമ്പുമില്ല. പോലീസിന്നുമില്ല. സാധാരണയായി ഒരക്രമമോ കൊലപാതകമോ നടന്നാൽ അതിന്റെ പിന്നിൽ പ്രവർത്തിച്ച കരങ്ങളെപ്പറ്റി ആർക്കെങ്കിലും ഒരു തുമ്പു കിട്ടും-ഒന്നുകിൽ വീട്ടുകാർക്ക്; അല്ലെങ്കിൽ നാട്ടുകാർക്ക്; ഇതൊന്നുമല്ലെങ്കിൽ പ്രസിഡണ്ട് നിക്സനെപ്പോലും പിടികൂടിയ പത്രക്കാർക്ക്. എന്നാൽ വർക്കല സംഭവത്തിൽ ആർക്കുമില്ല ഒരു തുമ്പ്.

പക്ഷെ അതങ്ങനെ വിട്ടാൽ പോലീസുകാർക്ക് ചീത്തപ്പേരാവില്ലേ? അതുകൊണ്ട് ഇന്ത്യയിൽ മറ്റെവിടേയുമെന്ന പോലെ ഇവിടേയും കുറച്ചു ദളിതുകളെ പ്രതികളാക്കി കേസെടുത്തു. മറ്റുള്ളവരെ പിടിക്കുന്നത് അത്ര സുരക്ഷിതമല്ല. ഏതെങ്കിലും നേതാവ് രംഗത്തുവരും അതോടെ എല്ലാം പുലിവാലാകും. ദളിതുകൾ ആദിവാസികൾ എന്നിവരുടെ കാര്യത്തിൽ അങ്ങനെ ശങ്കിക്കേണ്ട കാര്യമില്ല.

ഒരാൾക്കെതിരെ കേസെടുത്താൽ 90 ദിവസത്തിന്നകം കുറ്റപത്രം സമർപ്പിക്കണമെന്ന ഒരു നിയമമുണ്ട്. അതുകൊണ്ട് മൂന്നുമാസം തികയും മുമ്പ് പോലീസ് ഒരു കുറ്റപത്രം തയ്യാറാക്കി സമർപ്പിച്ചതായി പത്രങ്ങളിൽ വാർത്ത കണ്ടു. പത്ര റിപ്പോർട്ട് ശരിയാണെങ്കിൽ, ഈ കുറ്റപത്രം ആരുടെ തലക്കും ചേരുന്ന ഒരു തൊപ്പിയാണ്. ➡

ആകെ 16 പേരെ കുറ്റപത്രത്തിൽ പ്രതികളാക്കിയിട്ടുണ്ടെന്ന് പത്രറിപ്പോർട്ടിൽ പറയുന്നു. ഒരു കുറ്റകൃത്യം ചെയ്താൽ അതിന്നൊരു കരണം പറയാനുണ്ടാകണം. വർക്കല കൊലപാതകത്തിന്നുള്ള കാരണം പോലീസ് കണ്ടെത്തിയിട്ടുണ്ട്. പത്ര റിപ്പോർട്ട് പ്രകാരം അതിങ്ങനെയാണ്: സംഘടനയുടെ ശക്തിയും അംഗബലവും തെളിയിക്കാനും അക്രമ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ ആധിപടർത്തി സാമ്പത്തിക സ്രോതസ്സ് കണ്ടെത്താനുമായിരുന്നു കൊലപാതകവും അക്രമവും നടത്തിയതെന്നാണ് കുറ്റപത്രത്തിൽ പറയുന്നത്.

ഇതിൽ പറയുന്ന സംഘടന ദളിത് മനുഷ്യാവകാശ പ്രസ്ഥാനമാണ്. ഇവർ ഭയങ്കര 'അക്രമി'കളാണെന്ന് എല്ലാവർക്കും അറിവുള്ള കാര്യങ്ങളാണ്. ദളിതുകൾ മദ്യപിക്കുന്നത് വിലക്കിയിട്ടുള്ള ഒരു സംഘടനയാണിത്. കള്ളുകുടിച്ച് വീട്ടിൽ കയറിവന്ന് ഭാര്യയേയും കുട്ടികളേയും തല്ലുന്നവരെ ഇവർ പിടിച്ചു നിർത്തി പൂശിവിടാറുണ്ടെന്നും ശ്രുതിയുണ്ട്. ഇവർ ചെയ്തതായി പറയപ്പെടുന്ന മറ്റൊരക്രമം ദളിതുകൾ കഞ്ചാവു വലിക്കുന്നത് നിരോധിച്ചിരിക്കുന്നുവെന്നതാണ്. അംബേദ്കറുടേയും ബുദ്ധമതത്തിന്റേയും ആശയങ്ങൾ പ്രചരിപ്പിക്കുന്നുവെന്നതാണ് ഇവർക്കെതിരായി പറയപ്പെടാത്ത ഒരതിക്രമം. കുറ്റപത്രത്തിൽ പറയാത്തതും സർവ്വപ്രധാനവുമായ മറ്റൊരതിക്രമവും കൂടി ഇവർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി മത്സരിക്കുകയും അയ്യായിരത്തോളം വോട്ടു നേടുകയും ചെയ്തുവെന്നതാണത്. പലർക്കും ഇതിന്റെ ഗൗരവം മനസ്സിലാവില്ല. കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിൽ 5000 വോട്ടു നഷ്ടപ്പെടുന്നത് ഒരു സ്ഥാനാർത്ഥിയുടെ പരാജയത്തിന്നും എതിർസ്ഥാനാർത്ഥിയുടെ വിജയത്തിന്നും കാരണമായെന്നുവരും. അതിന്നും പുറമെ നാനാവിധ ആവശ്യങ്ങൾക്കുള്ള ജാഥകളിൽ പങ്കെടുക്കാൻ വരുന്നവരിൽ 5000 പേരുടെ കുറവുണ്ടാകുന്നത് വല്ലാത്തൊരു ക്ഷീണം തന്നെയാണ്.

അതുപോകട്ടെ, ഈ മനുഷ്യാവകാശ പ്രവർത്തകർ പല ദിക്കിലും വച്ച് ഗൂഢാലോചന നടത്തിയതായി കുറ്റപത്രത്തിൽ പറയുന്നുണ്ട്. ഈ ഗൂഢാലോചനകൾക്കെല്ലാമൊടുവിൽ കേസിലെ അഞ്ചുമുതൽ പതിനൊന്നുവരെയുള്ള പ്രതികൾ മൂന്നു സംഘങ്ങളായി തിരിഞ്ഞ് സെപ്തംബർ 23ന്നു പുലർച്ചെ അയിരൂർ, മുത്താന, വേങ്കോട് ഭാഗങ്ങളിലേക്ക് യാത്രതിരിച്ചു. ആൾസഞ്ചാരം കുറഞ്ഞ ഭാഗത്ത് വഴിയാത്രക്കാരേയും മറ്റും ആക്രമിച്ചു കൊലപ്പെടുത്തുകയായിരുന്നു ലക്ഷ്യം എന്ന് റിപ്പോർട്ടിൽ പറയുന്നു. വഴിയാത്രക്കാരേയും മറ്റും എന്നു പറഞ്ഞിരിക്കുന്നതിൽനിന്ന് വഴിയാത്രക്കാരല്ലാത്തവരേയും എന്നായിരിക്കണം വിവക്ഷ.

ഇതിൽ അയിരൂർ ഭാഗത്തേക്കുപോയ രണ്ടു പേരാണ് ശിവപ്രസാദിനെ കൊലപ്പെടുത്തിയതെന്ന് കുറ്റപത്രത്തിൽ പറഞ്ഞിട്ടുള്ളതായിട്ടാണ് റിപ്പോർട്ടിൽ കാണുന്നത്. ആകെ പതിനാറു പ്രതികളുള്ളതിൽ അഞ്ചുമുതൽ പതിനൊന്നുവരെയുള്ള ഏഴു പ്രതികൾ മൂന്നു സംഘങ്ങളായി തിരിഞ്ഞാണ് വേട്ടക്കിറങ്ങിയതെന്ന് കുറ്റപത്രത്തിൽ ആദ്യം പറഞ്ഞിട്ടുണ്ടെങ്കിലും അയിരൂർ ഭാഗത്തേക്ക് പോയവർ മാത്രമേ "കൃത്യനിർവ്വഹണം" നടത്തിയതായി കാണുന്നുള്ളൂ. മുത്താന, വേങ്കാട് ഭാഗങ്ങളിലേക്ക് തിരിച്ച രണ്ടു സംഘങ്ങൾക്ക് ആരേയും കൊല്ലാൻ കിട്ടിയിട്ടില്ലെന്നു തോന്നുന്നു. അതിനെപ്പറ്റിയൊന്നും കുറ്റപത്രത്തിൽ പറഞ്ഞിട്ടുള്ളതായി റിപ്പോർട്ടിൽ കണ്ടില്ല.

രേയും അതില്ലാത്തവരേയും തമ്മിൽ തല്ലിച്ചതുകൊണ്ട് ആർക്കാണൊരു നേട്ടമുണ്ടാകുക? ചില മാസങ്ങൾക്കുമുമ്പ് രാജസ്ഥാനിൽ ഒരു പിന്നോക്ക ജാതിക്കാർ തങ്ങളെ പട്ടികജാതിക്കാരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരം വരുത്തിക്കൂട്ടിയ നാശനഷ്ടങ്ങളൊന്ന് ഓർത്തു നോക്കൂ. യഥാർത്ഥത്തിൽ ഇവർ പിന്നോക്ക ജാതിക്കാർ പോലുമല്ല. കുറച്ചുകാലംമുമ്പ് രാഷ്ട്രീയ പിൻബലത്താൽ പിന്നോക്ക സമുദായക്കാരായി അംഗീകരിക്കപ്പെട്ടവരാണ്. അവരാണ് ഈയിടെ തങ്ങളെ പട്ടികജാതിക്കാരാക്കണമെന്നു ആവശ്യപ്പെട്ട് കലാപമുണ്ടാക്കിയത്. അഞ്ചു കൊല്ലം മുമ്പ് ആന്ധ്രയിലും ഇതുപോലെ ചില പിന്നോക്ക ജാതിക്കാർ പട്ടികക്കാരാക്കണമെന്ന് പറഞ്ഞ് കലാപമുണ്ടാക്കിയിരുന്നു.

ആരെങ്കിലും നിരാഹാരവ്രതം നടത്തുമ്പോഴേക്കും കാൽമുട്ടു വിറയ്ക്കുന്നവർ ആഭ്യന്തരകാര്യമന്ത്രിമാരായി വരുമ്പോഴാണ് ആന്ധ്രാ കാര്യത്തിലെ പാതിരാ പ്രഖ്യാപനം പോലെയുള്ള അപകടങ്ങൾ സംഭവിക്കുന്നത്. സംവരണ കാര്യത്തിലും അത് ആവർത്തിക്കുമോ എന്ന് കണ്ടറിയുകതന്നെ വേണം. അധികാരമോഹം ആർത്തിയായിത്തീരുമ്പോൾ നാട് മുടിയുന്നതിന്റെ ഉദാഹരണങ്ങളാണ് ഇതെല്ലാം. ❑

# ഇരുപത്തഞ്ച് കൊല്ലം കഴിഞ്ഞ് പ്രോസിക്യൂഷന്ന് അനുമതി

1984ൽ ദൽഹിയിലും മറ്റും നടന്ന സിക്ക് കൂട്ടക്കൊലക്ക് നേതൃത്വം നൽകിയവരായി നാനാവതി കമ്മീഷൻ ചൂണ്ടിക്കാട്ടിയ ജഗദീഗ് ടൈറ്റ്ലർ, സജ്ജൻ കുമാർ എന്നിവരിൽ സജ്ജൻകുമാറിനെ പ്രോസിക്യൂട്ട് ചെയ്യാൻ ദൽഹിയിലെ ലെഫ്. ഗവർണ്ണർ തേജീന്ദർ ഖന്ന അനുമതി നൽകി. രാഷ്ട്രീയ പിൻബലം മൂലം നീതിന്യായ നിർവ്വഹണത്തിന്ന് പിടികൊടുക്കാതെ ഇവർ ഒഴിഞ്ഞു നടക്കുകയായിരുന്നു.

2009 ലെ തിരഞ്ഞെടുപ്പിൽ തെക്കൻ ദൽഹി ലോകസഭാസീറ്റിൽ മത്സരിക്കാൻ സജ്ജൻകുമാറിന്ന് കോൺഗ്രസ് ടിക്കറ്റ് നൽകിയതായിരുന്നു. എന്നാൽ ഇയാൾക്കും ടൈറ്റ്ലർക്കും ടിക്കറ്റ് നൽകുന്നതിന്നെതിരായി വമ്പിച്ച പ്രതിഷേധ പ്രകടനങ്ങൾ ഉയർന്നുവന്നതിനെത്തുടർന്ന് രണ്ടു പേരേയും കോൺഗ്രസ്സ് ഒഴിവാക്കി. അപ്പോഴും ഇവർക്കെതിരെ കേസെടുക്കുന്ന കാര്യത്തിൽ അനക്കമൊന്നുമുണ്ടായില്ല.

സജ്ജൻകുമാറിന്നെതിരെ അനേകം കേസുകളുണ്ടായിരുന്നു. അവയിൽ പലതും പ്രോസിക്യൂഷന്റെ ആത്മാർത്ഥതയില്ലായ്മ മൂലം തള്ളിപ്പോയി. പലതിലും സാക്ഷികൾ കാലുമാറുകയാണുണ്ടായത്. അങ്ങനെ തള്ളിപ്പോയ കേസുകളിലൊന്ന് ഇപ്പോൾ അപ്പീൽ ഘട്ടത്തിൽ കിടക്കുകയാണ്.

രണ്ടു ജനവിഭാഗങ്ങൾക്കിടയിൽ ശത്രുത വളർത്തി എന്നതിന്ന് പീനൽകോഡിലെ 153A വകുപ്പു പ്രകാരം എടുത്തിരിക്കുന്ന കേസിന്നാണ് അധികൃതർ ഇപ്പോൾ അനുമതി നൽകിയിരിക്കുന്നത്. ഇനിയും പല കേസുകളും ബാക്കി കിടപ്പുണ്ട്.

2002 ൽ ഗുജറാത്തിൽ മുസ്ലീമുകൾക്കെതിരെ നടന്ന കൂട്ടക്കൊലയിലെന്നപോലെ 1984ലെ ദൽഹിയിലെ കൂട്ടക്കൊലയിലും കേസുകളെല്ലാം അട്ടിമറിച്ചത് പോലീസ് തന്നെയാണ്. സജ്ജൻ കുമാറിന്നെതിരായി ഇപ്പോൾ ചാർജ് ചെയ്യപ്പെടുന്ന കേസ് താരതമ്യേന നിസ്സാരമാണ്. ഒരുപക്ഷെ പ്രോസിക്യൂഷൻ ഇതും അട്ടിമറുച്ചുവെന്നുവരാം. ഇന്ത്യയിൽ രാഷ്ട്രീയ ക്രിമിനലുകൾ തോന്നിവാസങ്ങൾ കാണിക്കുന്നതിന്റെ പ്രധാന കാരണംതന്നെ പ്രോസിക്യൂഷൻ നടപടികളെ നിഷ്ഫലമാക്കാമെന്ന ധൈര്യം ഒന്നുകൊണ്ടു മാത്രമാണ്. രാഷ്ട്രീയത്തിന്നു വഴങ്ങാത്ത പോലീസും പ്രോസിക്യൂഷനും ജൂഡീഷ്യറിയും ഇവിടെ ഉണ്ടെന്നുവന്നാൽ, അതോടെ സകലവിധ രാഷ്ട്രീയ ക്രിമിനലുകളും മാളത്തിൽ കയറി ഒളിച്ചു കൊള്ളും. ❑

---

ചണ്ഡീഗഡിലെ ഒരു പോലീസ് മേധാവി ഒരു കുടുംബത്തെയാകെ വേട്ടയാടുകയും അതിലൊരു പെൺകുട്ടി ദ്രോഹം സഹിക്കാനാകാതെ ആത്മഹത്യ ചെയ്യുകയും ചെയ്ത വാർത്ത ഇന്ത്യയിലാകെ കോളിളക്കമുണ്ടാക്കിക്കൊണ്ടിരിക്കുന്നതിന്നിടയിലാണ് ഈ വർക്കല കുറ്റപത്ര സമർപ്പണമുണ്ടായതെന്നത് യാദൃച്ഛികമാകാം. ഇന്ത്യയുടെ ഓരോ മുക്കിലും മൂലയിലും ചണ്ഡീഗഡുകളുണ്ട് എന്ന് ഓർമ്മിപ്പിക്കലാകാം ഇത്. ഉദ്ബുദ്ധമായ ചണ്ഡീഗഡിലും അത്രതന്നെ ഉദ്ബുദ്ധമായ കേരളത്തിലും ഇതൊക്കെയാണ് സ്ഥിതിയെങ്കിൽ ഇത്രയൊന്നും ഉദ്ബുദ്ധമല്ലാത്ത മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതി എന്തായിരിക്കാം? ❑

# കാക്കിയണിഞ്ഞ ക്രിമിനലുകൾ എന്തുകൊണ്ട് രക്ഷപ്പെടുന്നു?

**- സിദ്ധാർത്ഥ വരദരാജൻ -**

ഹരിയാനാ പോലീസ് മേധാവിയായിരുന്ന ക്രിമിനൽ എസ്.പി. എസ്. റാത്തോർ ഇപ്പോൾ ഒറ്റപ്പെട്ടിരിക്കുന്നതായി തോന്നാം. എന്നാൽ ഒരു പെൺകുട്ടിയെ ലൈംഗികമായി മാനഭംഗപ്പെടുത്തുകയും ആ കുട്ടിയുടെ കുടുംബത്തെ നീണ്ട പത്തൊമ്പതു കൊല്ലക്കാലം ദ്രോഹിക്കുകയും ചെയ്തിട്ടും അയാൾ തടി രക്ഷിച്ചുവെന്ന കാര്യം നാം ഒരിക്കലും മറക്കരുത്. നീതിയുടെ പിടിയിൽനിന്ന് ഒഴിഞ്ഞു മാറാൻ നൂറുകണക്കിന്നാളുകൾ അയാളുടെ സഹായത്തിന്നുണ്ടായിരുന്നുവെന്നതാണ് വസ്തുത.

ഇയാളെ സഹായിച്ചവർ ചില്ലറക്കാരല്ല. മറ്റു പോലീസ് ഉദ്യോഗസ്ഥന്മാർ, സർക്കാർ ഉദ്യോഗസ്ഥന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, അഭിഭാഷകർ, ജഡ്ജിമാർ, സ്കൂൾ മേധാവിമാർ തുടങ്ങിയവരെല്ലാം ഒരു പെൺകുട്ടിയെ മാനഭംഗപ്പെടുത്തിയവനെ വഴിവിട്ടു സഹായിക്കാനുണ്ടായി എന്നത് നമ്മുടേയും നമ്മുടെ രാജ്യത്തിന്റെയും ധാർമ്മികാധഃപതനത്തിന്റെ ആഴത്തെ കാണിക്കുന്നു. പെൺകുട്ടികളെ മാനഭംഗപ്പെടുത്തിയവനെ മാന്യസമൂഹങ്ങളെല്ലാം വർജ്ജിക്കുകയാണ് പതിവ്. കൊലപാതകത്തിന്ന് ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുന്നവർപോലും പെൺകുട്ടികളെ മാനഭംഗപ്പെടുത്തിയവർക്ക് ഭ്രഷ്ട് കല്പിക്കാറുണ്ട്. എന്നാൽ ഇന്ത്യയിൽ രാത്തോർമാരെപ്പോലെയുള്ളവർക്ക് സംരക്ഷകരുണ്ട്.

ഈ കേസിൽ സി.ബി.ഐ. സമർപ്പിക്കുന്ന അപ്പീലിൽ റാത്തോറിന്നുള്ള ശിക്ഷ വർധിപ്പിച്ചുവെന്നു വരാം. പെൺകുട്ടിയുടെ ആത്മഹത്യക്കിടയാക്കിയവനെന്ന നിലക്കും ശിക്ഷിച്ചുവെന്നുവരാം. എന്നാൽ ഈ കേസ് തുറന്നുകാട്ടുന്ന വസ്തുത നമ്മുടെ സംവിധാനത്തിന്നാകെ പുഴുക്കുത്തേറ്റിരിക്കുന്നുവെന്നതാണ്. ഇതിന്ന് പരിഹാരമുണ്ടാകണമെങ്കിൽ ഗവർമ്മേണ്ടിന്റെ മേൽ പൊതുജന സമ്മർദ്ദം വർധിക്കണം. ഇന്ത്യയിൽ നിയമം നടപ്പാക്കുന്ന കാര്യത്തിലും നീതിന്യായ നിർവ്വഹണത്തിന്റെ കാര്യത്തിലും കാര്യമായ ചില പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ കഴിവുള്ള പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെയും ആഭ്യന്തരമന്ത്രി ചിദംബരത്തിന്റെയും മേൽ ഇതിന്ന് സമ്മർദ്ദം ചെലുത്താൻ ജനങ്ങൾക്ക് കഴിയണം.

ഒന്നാമതായി, പാതകങ്ങൾ ചെയ്തതായി ആരോപണമുണ്ടായാൽ ഉദ്യോഗസ്ഥന്മാർ, പോലീസുകാർ, രക്ഷാഭടന്മാർ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യാൻ സർക്കാരിന്റെ, എന്നുവച്ചാൽ രാഷ്ട്രീയക്കാരുടെ, അനുമതി വാങ്ങണമെന്ന വ്യവസ്ഥ റദ്ദാക്കുക. സർക്കാർ ഉദ്യോഗസ്ഥന്മാർ നടത്തുന്ന കൃത്യനിർവ്വഹണത്തിന്റെ പേരിൽ അവർക്കെതിരെ നടപടിയെടുക്കുന്നത് തടയുക എന്നതായിരുന്ന ഈ വ്യവസ്ഥയുടെ യഥാർത്ഥ ലക്ഷ്യം. എന്നാൽ കാലക്രമത്തിൽ ഇത് നമ്മുടെ നിയമപാലകർക്കൊരു രക്ഷാകവചമായി മാറി. നിർദ്ദോഷികളെ കൊന്നാലും പോലീസിന്നെതിരെ ഇന്ന് കേസെടുക്കാനാവില്ല. കാശ്മീരിലെ കുപ്രസിദ്ധമായ പഞ്ചൽതാൻ കേസ് തന്നെ ഉദാഹരണം. അവിടെ പട്ടാളക്കാർ 2000-ാം മാണ്ടിൽ നിർദ്ദോഷികളായ അഞ്ചു ഗ്രാമീണരെ കൊന്നതായി സി.ബി. ഐ.തന്നെ കണ്ടെത്തിയിട്ടുണ്ടെങ്കിലും ഈ പാതകം നടത്തിയ ഭടന്മാരെ പ്രോസിക്യൂട്ട്

ചെയ്യാൻ കേന്ദ്ര ഗവർമ്മേണ്ട് ഇനിയും അനുമതി നൽകിയിട്ടില്ല.

രണ്ടാമതായി നിയമധ്വംസകർക്കെതിരെ നടപടിയെടുത്താൽ പോലീസിന്റേയും പട്ടാളത്തിന്റെയും മനോവീര്യം കെട്ടുപോകുമെന്ന ജല്പനം നിർത്തുക. സാധാരണക്കാരുടെ മനോവീര്യത്തെക്കുറിച്ച് ഇവിടെ ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? അല്ലെങ്കിൽ ക്രിമിനൽ പ്രവൃത്തികളിലേർപ്പെടുന്നത് ശരിയല്ലെന്നു കരുതുന്ന നട്ടെല്ലുള്ള പോലീസുകാരുടേയും പട്ടാളക്കാരുടേയും മനോവീര്യക്കാര്യം ആരെങ്കിലും ഓർക്കുന്നുണ്ടോ?

മൂന്നാമതായി പോലീസുകാരും രാഷ്ട്രീയക്കാരും തമ്മിലുള്ള കൂട്ടുകെട്ട് അവസാനിപ്പിക്കുക. ഒരു പെൺകുട്ടിയെ മാനഭംഗപ്പെടുത്തിയ റാത്തോറിന്ന് ഹരിയാനയിലെ നാലു മുഖ്യമന്ത്രിമാരുടെ സംരക്ഷണം ലഭിച്ചിരുന്നുവെന്നോർക്കുക. റാത്തോർ നാലു മുഖ്യമന്ത്രിമാരേയും സഹായിച്ചു; നാലു മുഖ്യമന്ത്രിമാരും റാത്തോറിനേയും സഹായിച്ചു. കൊളോണിയൽ ഭരണകാലത്ത് 1861ൽ ഉണ്ടാക്കിയതാണ് ഇവിടെയുള്ള പോലീസ് നിയമം. ഇത് പരിഷ്ക്കരിക്കണമെന്ന് പല കമ്മീഷനുകളും ശുപാർശ ചെയ്തിട്ടുണ്ട്. പക്ഷെ ഒരു ഗവർമ്മേണ്ടും ഒരു രാഷ്ട്രീയ കക്ഷിയും ഒന്നും ചെയ്യുന്നില്ല. പോലീസിനെ തങ്ങൾക്ക് ഗുണകരമാകും വിധത്തിൽ ഉപയോഗിക്കാനും ദുരുപയോഗപ്പെടുത്താനുമുള്ള സൗകര്യം കളഞ്ഞു കുളിക്കാൻ ആരും തയ്യാറല്ല.

നാലാമതായി, തങ്ങളുടെ അധികാരം ദുരുപയോഗപ്പെടുത്തുകയും ദുരുദ്ദേശത്തോടെ കേസെടുക്കുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽനിന്ന് ഡിസ്മിസ് ചെയ്യുകയും ദീർഘകാലത്തെ തടവുശിക്ഷ നൽകുകയും ചെയ്യുക. മാനഭംഗം ചെയ്യപ്പെട്ട പെൺകുട്ടിയുടെ ചെറുപ്പക്കാരനായ സഹോദരന്നെതിരെ പതിനൊന്നു കള്ളക്കേസുകൾ ചാർജ് ചെയ്യാൻ റാത്തോറിനെ സഹായിച്ച പോലീസുകാർ ആരെല്ലാമാണെന്ന് കണ്ടുപിടിക്കുക എന്നത് കേന്ദ്ര ആഭ്യന്തര കാര്യ മന്ത്രി ചിദംബരത്തിന്ന് ഒട്ടും പ്രയാസമുള്ള കാര്യമല്ല. അദ്ദേഹത്തിന്റെ കീഴിൽ ഒട്ടേറെ രഹസ്യാന്വേഷണ ഏജൻസികളുണ്ടല്ലോ. കള്ളക്കേസുകൾ ചാർജ് ചെയ്യാൻ റാത്തോറിനെ സഹായിച്ച സകലർക്കെതിരായും ക്രിമിനൽ കേസ് ചാർജ് ചെയ്യണം. കാരണം ഇന്ത്യയിലെ ഓരോ പോലീസ്കാരന്നും ചൂടുപിടിക്കണം. ഏമാൻമാർക്കു വേണ്ടി കള്ളക്കേസെടുത്താൽ, അതിന്റെ ഭവിഷ്യത്ത് താൻതന്നെ അനുഭവിക്കേണ്ടി വരുമെന്ന് ഓരോ പോലീസുകാരന്നും ബോധ്യം വരണം.

അഞ്ചാമതായി, പോലീസുകാർക്കെതിരായ സകല ക്രിമിനൽ കേസുകളും അതിവേഗ കോടതികളിൽതന്നെ ചാർജ് ചെയ്യുമെന്ന് ഉറപ്പാക്കണം. ഇതൊന്നും സാധാരണ കോടതികളിൽ ചാർജ് ചെയ്യാൻ പാടില്ല. സാധാരണ കോടതികളിൽ കേസ് ചാർജ് ചെയ്താൽ സ്വാധീന ശക്തിയുള്ള പ്രതിക്ക് അതെത്രകാലംവരെ വേണമെങ്കിലും നീട്ടികൊണ്ടുപോകാൻ കഴിയും. റാത്തോർ അതാണ് ചെയ്തത്. അതുപോലെ ഇത്തരം കേസുകളിലെ തെളിവുകൾ നശിപ്പിക്കുകയോ തെളിവ് കാണാതാകുകയോ ചെയ്താൽ അതിന്നുത്തരവാദികളായവർക്കെതിരെ കർക്കശ ക്രിമിനൽ നടപടിയുണ്ടാകണം. തെളിവുകൾ സൂക്ഷിക്കുക എന്നത് ചിലരുടെ ഉത്തരവാദിത്വമാകണം.

ആറാമതായി, മനുഷ്യാവകാശ കമ്മീഷന്ന് കൂടുതൽ അധികാരം നൽകണം. മനുഷ്യാവകാശ കമ്മീഷന്റെ ഒരു കല്പനയെ പോലീസിന്നോ സർക്കാരിന്നോ അവഗണിക്കാൻ സാധിക്കരുത്. റാത്തോർ കേസിൽ മനുഷ്യാവകാശ കമ്മീഷന്റെ കല്പനകളെയെല്ലാം പോലീസും സർക്കാരും അവഗണിക്കുകയാണുണ്ടായത്. മനുഷ്യാവകാശ കമ്മീഷന് കൂടുതൽ അധികാരം നൽകുന്നതോടൊപ്പം, കമ്മീഷനിലെ അംഗങ്ങളായി നിയമിക്കപ്പെടുന്ന സ്ത്രീകളും പുരുഷന്മാരും മനുഷ്യാവകാശ സംരക്ഷണത്തിന്നായി പ്രവർത്തിച്ച പാരമ്പര്യമുള്ളവരാകണമെന്നും ഉറപ്പാക്കുക. ഇന്ന് സംഭവിക്കുന്നത് നേരെ മറിച്ചാണ്. മനുഷ്യാവകാശ ധ്വംസകർക്കേ ഗവർമ്മേണ്ട് പരിഗണന നൽകുന്നുള്ളു. മനുഷ്യാവകാശ കമ്മീഷനോടും ദേശീയ വനിതാ കമ്മീഷൻ, ദേശീയ ന്യൂനപക്ഷ കമ്മീഷൻ തുടങ്ങിയ മറ്റു കമ്മീഷനുകളോടും മൻമോഹൻസിങ്ങിന്റെ ഗവർമ്മേണ്ട് കാണിച്ചുവരുന്ന മനോഭാവം നടുക്കിക്കളയുന്ന ഒന്നാണ്. ഇവയിൽ വരുന്ന ഒഴിവുകൾ മാസങ്ങളോളം നികത്താതെ ഇടുകയാണ് പതിവ്.

ഏഴാമതായി, കുട്ടികൾക്കെതിരായ ലൈംഗിക കുറ്റങ്ങളും മറ്റു ലൈംഗിക കുറ്റങ്ങളും സംബന്ധിച്ച് തയ്യാറാക്കിയിരിക്കുന്ന ബിൽ വേഗംതന്നെ പാസാക്കുമെന്ന് ഉറപ്പു വരുത്തുക. ഇന്ന് നിയമത്തിൽ രണ്ടു ലൈംഗിക കുറ്റങ്ങളേയുള്ളു. ഒന്ന് ബലാൽസംഗം, യോനിയിൽ ബലമായി ലിംഗം പ്രവേശിപ്പിക്കുന്നതിന്നാണ് ബലാത്സംഗം എന്നു നിർവ്വചിച്ചിരിക്കുന്നത്. മറ്റേത്, വിക്ടോറിയൻ യുഗത്തിലെ നിയമത്തിൽ പറയുന്ന സ്ത്രീകളെ അപമാനിക്കലാണ്. ഈ രണ്ടു കുറ്റങ്ങൾക്കുമിടയിൽ ഒരു കുറ്റവുമില്ല. തന്മൂലം ബലാൽസംഗമൊഴിച്ചുള്ള ഒരു മാനഭംഗത്തിനും കാര്യമായ ഒരു ശിക്ഷയുമില്ല. റാത്തോറിന്ന് ലഭിച്ചത് ആറുമാസത്തെ തടവാണെന്നോർക്കുക. ഈ കേസിൽ പ്രതിക്കു നൽകാവുന്ന പരമാവധി ശിക്ഷ പോലും ജഡ്ജി നൽകിയില്ല. കാക്കിയണിഞ്ഞ ക്രിമിനലിന്ന് വയസ്സായി എന്ന ജഡ്ജിയുടെ ദയാവായ്പാണ് റാത്തോറിനെ രക്ഷിച്ചത്. ഇയാളുടെ അതിക്രമത്തിന്നിരയായ കുട്ടിയുടെ ഇളം പ്രായത്തെക്കുറിച്ച് ജഡ്ജിക്ക് വേവലാതിയില്ല. ഇന്ത്യൻ ശിക്ഷാനിയമത്തിൽ സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നതിന്നു മാത്രമേ ശിക്ഷ വിധിച്ചിട്ടുള്ളൂ. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ കാര്യം നിയമത്തിലില്ല!

ഈ നിയമം ഭേദഗതി ചെയ്ത് ലോകത്തിലെ ഇതര രാജ്യങ്ങളോട് സമാനമാക്കുന്നതിന്നുള്ള ഒരു ബിൽ ദേശീയ വനിതാ കമ്മീഷന്റേയും കേന്ദ്ര നിയമ മന്ത്രി കാര്യാലയത്തിന്റേയും മുന്നിലെത്തിയിട്ട് കാലമേറെയായി. ഇനിയെങ്കിലും നാണക്കേടു മൂലം ഗവർമ്മേണ്ട് അത് പാസാക്കുമെന്ന് ആശിക്കാം.

എട്ടാമതായി, പരാതിക്കാർക്കും സാക്ഷികൾക്കും സംരക്ഷണം നൽകുന്നതിന്ന് ഒരു സംവിധാനമുണ്ടാക്കുക. റാത്തോർ മാനഭംഗത്തിന്നിരയാക്കിയ കുട്ടിയുടെ കുടുംബാംഗങ്ങൾക്കുണ്ടായ ദുരിതം തന്നെ ഇതാവശ്യപ്പെടുന്നു. ഇന്ത്യയിൽ പോലീസിന്നെതിരെ പരാതിപ്പെട്ടാൽ ജീവൻതന്നെ അപകടത്തിലാകുമെന്നതാണ് സ്ഥിതി.

ഒമ്പതാമതായി, സാധാരണ ക്രിമിനലുകൾക്കെതിരെ ഉപയോഗിക്കാറുള്ള നർക്കോ അനാലിസിസ് പോലെയുള്ള ആധുനിക ചോദ്യം ചെയ്യൽ സംവിധാനങ്ങൾ കാക്കിയണിഞ്ഞ ക്രിമിനലുകൾക്കെതിരായും ഉപയോഗിക്കുക.

പത്താമതായി, പത്രക്കാരും ഉന്നത ന്യായാധിപന്മാരും ഒന്നു ആത്മ പരിശോധന നടത്തുക. കർത്തവ്യ നിർവ്വഹണത്തിൽ തങ്ങൾക്ക് വീഴ്ചപറ്റിയോ എന്ന് പത്രക്കാരും ജഡ്ജിമാരും സ്വയം ചോദിക്കട്ടെ. റാത്തോർ കേസ് പത്രക്കാരുടെ നിരന്തര ശ്രദ്ധക്ക് പാത്രമാകേണ്ട ഒന്നായിരുന്നു. പക്ഷെ ആരും ശ്രദ്ധിച്ചില്ല. ഇതു മാത്രമല്ല പ്രശ്നം. സർവ്വീസിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ സ്ത്രീകൾക്കെതിരായോ തൊഴിലാളികൾക്കെതിരായോ കർഷകർക്കെതിരായോ ന്യൂനപക്ഷങ്ങൾക്കെതിരായോ എന്തു ചെയ്താലും പത്രക്കാർ അറിഞ്ഞ ഭാവം നടിക്കുന്നില്ല. അതുപോലെത്തന്നെ മേൽകോടതികളുടെ പ്രവർത്തനവും അവരിൽ വിശ്വാസമുളവാക്കുന്ന തരത്തിലല്ല. റാത്തോറിന്റെ വേട്ടക്കിരയായി ആത്മഹത്യ ചെയ്ത പെൺകുട്ടിയുടെ കേസിൽ, ആ കുട്ടിയെ ആത്മഹത്യക്ക് പ്രേരിതമാക്കി എന്ന കുറ്റം റാത്തോറിൽ ചുമത്തണമെന്ന സി.ബി.ഐ. യുടെ അപേക്ഷ നിരാകരിച്ചത് ഹൈക്കോടതിയാണെന്നോർക്കുക. ❏

കവർസ്റ്റോറി

## ഒരു കരിമൂർഖന്റെ കഥ

# 19 കൊല്ലം നീണ്ടുപോയ കേസ്; ശിക്ഷ ആറുമാസം തടവ്!

**പ**തിനാലു വയസ്സുള്ള ഒരു പത്താം ക്ലാസ് വദ്യാർത്ഥിനിയും മിടുക്കിയായൊരു ടെന്നീസ് കളിക്കാരിയുമായ പെൺകുട്ടിയെ മാനഭംഗപ്പെടുത്തുകയും നിരന്തരം വേട്ടയാടുകയും ചെയ്തതിനെത്തുടർന്ന് ആ കുട്ടി ആത്മഹത്യ ചെയ്ത കേസിൽ ഹരി



എസ്.പി.എസ്. റാത്തോർ

യാന പോലീസ് ഡയറക്ടർ ജനറലായിരുന്ന എസ്.പി.എസ്. റാത്തോറിനെ ആറുമാസത്തെ തടവിന് ഹൈക്കോടതി ശിക്ഷിച്ചു. എല്ലാവിധ രാഷ്ട്രീക്കാരും ഉദ്യോഗസ്ഥന്മാരും വക്കീൽമാരും കോടതികൾ പോലും ഈ കരിമൂർഖന് സംരക്ഷണം നൽകിപ്പോന്നതിനാൽ കേസൊരു ദിക്കിലെത്താൻ പത്തൊമ്പത് കൊല്ലം വേണ്ടിവന്നു.

1990 ആഗസ്ത് 12ന്നാണ് പോലീസ് ഉപമേധാവിയായ റാത്തോർ ഈ കുട്ടിയെ മാനഭംഗപ്പെടുത്തിയത്. അന്നിയാൾ ഹരിയാന ടെന്നീസ് അസോസിയേഷന്റെ മേധാവികൂടിയായിരുന്നു. ലോകദളം നേതാവായ ഹുക്കുംസിങ്ങായിരുന്നു അന്നത്തെ മുഖ്യമന്ത്രി. കുട്ടിയുടെ അഛൻ നൽകിയ പരാതിയെത്തുടർന്ന് മുഖ്യമന്ത്രി ഹുക്കുംസിങ് റാത്തോറിന്നെതിരെ അന്വേഷണം നടത്താനും കുറ്റപത്രം സമർപ്പിക്കാനും കല്പന നൽകി.

ഇതിന്നിടയിൽ 1991 മാർച്ച് 22ന്ന് ഓംപ്രകാശ് ചൗതാല മുഖ്യമന്ത്രിയായെങ്കിലും രണ്ടാഴ്ചക്കകം അദ്ദേഹം പുറത്താക്കപ്പെട്ടു. ഹരിയാനയിൽ പ്രസിഡണ്ട് ഭരണം നടപ്പാക്കി. 1991 ജൂലായ് മുതൽ 1996 മേയ് വരെ കോൺഗ്രസ്സ് നേതാവായ ഭജൻലാലായിരുന്നു മുഖ്യമന്ത്രി.

ഇക്കാലത്താണ് റാത്തോർ സകലവിധ ദ്രോഹങ്ങളും ചെയ്തത്. 1994 ൽ റാത്തോറിന്നെതിരായ കുറ്റപത്രം പിൻവലിക്കുകയും അയാൾക്ക് അഡീഷണൽ ഡി.ജി.പി. യായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തു. പെൺകുട്ടിയെയാകട്ടെ, അവൾ പഠിക്കുന്ന കോൺവെന്റ് സ്കൂളിൽനിന്ന് "അച്ചടക്കരാഹിത്യം" ആരോപിച്ച് പുറത്താക്കി. തന്മൂലം അവൾക്ക് പ്രൈവറ്റായി പത്താം ക്ലാസ് പരീക്ഷക്കിരിക്കേണ്ടിവന്നു. റാത്തോർ അതുകൊണ്ടും തൃപ്തിപ്പെട്ടില്ല. ടെന്നീസ് അസോസിയേഷനിൽനിന്നും അവളെ പുറത്താക്കി. എന്നിട്ടും അരിശം തീരാതെ ആ കുട്ടിയുടെ സഹോദരനെ അയാൾ കള്ളക്കേസിൽ കുടുക്കി. ഒന്നോ രണ്ടോ അല്ല; പതിനൊന്നു കേസുകളാണ് ആ ചെറുപ്പക്കാരന്റെ മേൽ ചുമത്തിയത്. രണ്ടുമാസത്തെ ജയിൽ വാസത്തിന്നുശേഷം ചില വെള്ളക്കടലാസുകളിൽ ഒപ്പിട്ടു വാങ്ങിയശേഷം അയാളെ വിട്ടയച്ചു. പതിനൊന്നു കാറുകൾ മോഷ്ടിച്ചുവെന്ന കുറ്റസമ്മതമാണ് അതിൽ എഴുതിച്ചേർത്തത്. മാത്രമല്ല, റാത്തോറിന്നെതിരായ പരാതി പിൻവലിച്ചില്ലെങ്കിൽ, സഹോദരനുണ്ടായ അനുഭവം മറ്റു കുടുംബാംഗങ്ങൾക്കും ഉണ്ടാകുമെന്ന് ആ പെൺകുട്ടിയെ ധരിപ്പിക്കണമെന്നും റാത്തോർ ആവശ്യപ്പെട്ടിരുന്നു.

താൻമാത്രമല്ല തന്റെ കുടുംബാംഗങ്ങൾകൂടി താൻമൂലം നരകയാതനയനുഭവിക്കുന്നതായി കണ്ടതിനെത്തുടർന്ന് 1993 ഡിസംബർ 28ന്ന് ആ കുട്ടി വിഷം കഴിച്ച് ആത്മഹത്യ ചെയ്തു. ഭജൻലാലിന്റെ ഗവർമ്മേണ്ടാണ് അന്ന് അധികാരത്തിലുണ്ടായിരുന്നത്. ഈ ഗവർമ്മേണ്ടാണ് റാത്തോറിന്നെതിരായ കേസ് പിൻവലിച്ചതും അയാളെ അഡീഷനൽ ഡി.ജി.പി. യായി പ്രമോട്ട് ചെയ്തതും.

1996 മേയിൽ വംശീലാൽ അധികാരത്തിൽ വന്നപ്പോൾ ഇയാളെ ഡി.ജി.പി. യായി പ്രോമോട്ട് ചെയ്തു. മറ്റൊരു കേസിൽപെട്ട് ഇയാൾ സസ്പെൻഷനിലായെങ്കിലും 1999ൽ ഇയാളെ ഡി.ജി.പി. സ്ഥാനത്ത് വീണ്ടും പ്രതിഷ്ഠിച്ചു. പെൺകുട്ടി 1993ൽതന്നെ ആത്മഹത്യ ചെയ്തുവെങ്കിലും ആ കുട്ടിയുടെ കുടുംബത്തിന്നെതിരായ വേട്ട റാത്തോർ അവസാനിപ്പിച്ചില്ല. തനിക്കെതിരായ പരാതികളെല്ലാം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇയാൾ നിരന്തരം ദ്രോഹിച്ചുകൊണ്ടിരുന്നതിനാൽ ആ കുടുംബത്തിന്ന് ചണ്ഡിഗഡ് വിട്ട് ഒളിവിൽ താമസിക്കേണ്ടിവന്നു.

ഇപ്പോഴും ഈ കുടുംബം സുരക്ഷിതമല്ല. ജാമ്യത്തിലിറങ്ങി സ്വൈര വിഹാരം നടത്തുന്ന റാത്തോർ എന്തു ചെയ്യാനും മടിക്കാത്ത ഒരു ജീവിയാണ്. ഈ കേസ് ആദ്യം അംബാലയിലെ സി.ബി.ഐ. കോടതിയിലാണ് വിചാരണ ക്കുവന്നത്. മാനഭംഗത്തിന്നു മാത്രമല്ല, ആ കുട്ടിയുടെ ആത്മഹത്യക്ക് കാരണക്കാരൻ എന്ന നിലക്കും റാത്തോർ കുറ്റക്കാരനാണെന്ന് സി.ബി.ഐ. കോടതി പറഞ്ഞിരുന്നു. പിന്നെ എന്തുകൊണ്ട് ഹൈക്കോടതി അതു വിട്ടുകളഞ്ഞ് ഇതിനെ വെറുമൊരു മാനഭംഗശ്രമക്കേസാക്കി മാറ്റി? ഈ ചോദ്യത്തിന്നുത്തരം നൽകാൻ കോടതിക്കു മാത്രമേ കഴിയൂ.

ഈ വിധിക്കെതിരെ സി.ബി.ഐ. അപ്പീൽ സമർപ്പിക്കുന്നുണ്ട്. അപ്പീലിൽ റാത്തോറിന്ന് കൂടുതൽ കഠിനമായ ശിക്ഷ നൽകിയെന്നു വരാം. പക്ഷെ പ്രശ്നം അതിനേക്കാളെല്ലാം എത്രയോ വലുതാണ്. ഇത്തരമൊരു കരിമൂർഖന്ന് പത്തൊമ്പതുകൊല്ലക്കാലം നീതിയുടെ പിടിയിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധിച്ചത് അയാളുടെ മിടുക്കുകൊണ്ടു മാത്രമല്ല; വിവിധ തലങ്ങളിലായി ഒട്ടേറെ പേർ ഇയാളെ സംരക്ഷിക്കാനുണ്ടായിരുന്നതുകൊണ്ടാണ്. അതാണ് യഥാർത്ഥ പ്രശ്നം.

ഈ കുട്ടിയെ "അച്ചടക്കരാഹിത്യ"ത്തിന്റെ പേരിൽ സ്കൂളിൽനിന്നു പിറത്താക്കിയത് ആരാണ്? എന്ത് അച്ചടക്കരാഹിത്യമാണ് കാണിച്ചത്? ടെന്നീസ് അസോസിയേഷനിൽനിന്ന് പുറത്താക്കിയതാരാണ്? ഇതിനൊക്ക ഉത്തരവാദികളായി ചിലരുണ്ടാകണമല്ലൊ. അവരും ഈ കേസിൽ പ്രതികളാക്കപ്പെടേണ്ടവരാണ്. 1990ൽ ഡി.ജി.പി. യായിരുന്ന ആർ.ആർ. സിങ് നടത്തിയ അന്വേഷണത്തിൽ റാത്തോർ കുറ്റക്കാരനാണെന്നു കണ്ടിട്ടും അയാൾക്കെതിരായ കേസ് പിൻവലിച്ചതാരാണ്?

വാസ്തവത്തിൽ റാത്തോർ അല്ല ഈ കേസിലെ യഥാർത്ഥ പ്രതി. അയാൾക്ക് ഇത്തരം വിക്രിയകൾ കാണിക്കാൻ അവസരം നൽകിയവരും റാത്തോറിന്ന് സംരക്ഷണം നൽകിയവരുമാണ് ഇതിലെ യഥാർത്ഥ പ്രതികൾ. റാത്തോർ ആറുമാസത്തെ തടവുശിക്ഷ അർഹിക്കുന്നുണ്ടെങ്കിൽ, ഈ വിക്രിയകൾക്ക് അരുനിന്നവരും ഇയാൾക്ക് സംരക്ഷണം നൽകിയവരും ആറുകൊല്ലത്തെ തടവുശിക്ഷ അർഹിക്കുന്നുണ്ട്. അങ്ങനെ ശിക്ഷിച്ചാലേ നാളെയും റാത്തോർമാർ ഉണ്ടാകുന്നത് ഒഴിവാക്കാൻ കഴിയൂ. ❑

# കടിക്കാത്ത പട്ടികളെ വളർത്തിയിട്ടെന്തു കാര്യം?

**- എസ് വിശ്വനാഥൻ -**

ദളിതുകൾക്കും ഗോത്രവർഗ്ഗക്കാർക്കുമെതിരെ അക്രമങ്ങൾ വർധിച്ചുകൊണ്ടേയിരിക്കുന്നതിന്ന് പോലീസും റവന്യൂ ഉദ്യോഗസ്ഥന്മാരും പറയാറുള്ള ഒരു കാരണം, നിലവിലുള്ള നിയമങ്ങളുടെ അപര്യാപ്തിയാണ്. ഇത് സത്യമല്ല. വാസ്തവത്തിൽ 1989ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ പ്രതിരോധ നിയമം എന്തിന്നും മതിയായൊരു നിയമമാണ്. അക്രമികളെ ശിക്ഷിക്കാൻ മാത്രമുള്ള ഒരു നിയമമല്ല ഇത്. ഉദ്ദേശിച്ചവിധം നിയമം നടപ്പാക്കാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ കൂടി ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്; ചില സാഹചര്യങ്ങളിൽ കലക്ടർ പോലും ശിക്ഷാർഹനായിത്തീരും. എന്നിട്ടും അക്രമികളെ ശിക്ഷിക്കുന്നില്ലെങ്കിൽ, അതിന്റെ കാരണം മറ്റെന്തോ ആണ്.

ഈ നിയമം നിലവിൽ വന്നിട്ട് ഇരുപതുകൊല്ലം തികയുന്ന ഈ അവസരത്തിൽ ഇതൊരു ചർച്ചാ വിഷയമാക്കേണ്ടിയിരിക്കുന്നു. അഭിഭാഷകർ, മനുഷ്യാവകാശ പ്രവർത്തകർ, രാഷ്ട്രീയ കക്ഷികളുടെ നേതാക്കന്മാർ എന്നിവരെല്ലാം ഇത് ചർച്ച ചെയ്യേണ്ടതുണ്ട്. ഭരണഘടനയിലെ 17-ാം അനുഛേദമനുസരിച്ച് അയിത്താചരണം കുറ്റകരമാക്കി. എന്നാൽ ഭരണഘടന നിലവിൽ വന്ന് അഞ്ചുകൊല്ലത്തിന്നു ശേഷമാണ് ഇതുസംബന്ധിച്ച നിയമ നിർമ്മാണം നടന്നത്. 1955ൽ അയിത്താചരണം കുറ്റകരമാക്കുന്ന നിയമം പ്രാബല്യത്തിൽ വന്നു. ഇതിന്ന് ക്ഷേത്ര പ്രവേശന നിയമം എന്നു പറയും. കാരണം ക്ഷേത്രത്തിൽ കടക്കാൻ അനുവദിക്കാതിരിക്കലായിരുന്നു അയിത്താചരണത്തിന്റെ ഏറ്റവും ഹീനമായ മുഖം. 1955ലെ പൗരാവകാശ സംരക്ഷണ നിയമം ഇന്ത്യക്കാകെ ബാധകമായ ഒരു കേന്ദ്ര നിയമമാണ്. അയിത്താചരണം മാത്രമല്ല, അയിത്ത പ്രചരണവും ഇതിൽ ശിക്ഷാർഹമാണ്. ഇതിൽ "പൗരാവകാശം" എന്നതിന്ന് നിർവ്വചനം നൽകിയിട്ടുമുണ്ട്. ഭരണഘടനയിലെ 17 -ാം അനുഛേദപ്രകാരം അയിത്താചരണം നിരോധിച്ചതിന്റെ ഫലമായി പൗരന്ന് കൈവന്ന ഏതവകാശവും പൗരാവകാശമാണ്. പൗരാവകാശം സംബന്ധിച്ച ഒരേയൊരു നിയമം ഇതാണ്. പിന്നീട് പല മനുഷ്യാവകാശങ്ങളും ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

1989ലെ പട്ടികജാതി-പട്ടികവർഗ്ഗ നിയമത്തിന്റെ പിന്നിൽ കൗതുകജനകമായൊരു ചരിത്രമുണ്ട്. 1970 കളുടെ ഒടുവിൽ പൗരാവകാശ സംരക്ഷണ നിയമം പുനരവലോകനത്തിന്നു വന്നു. ഇന്ദിരാഗാന്ധി അടിന്തരാവസ്ഥക്കറുതി വരുത്തുകയും ലോകസഭയിലേക്ക് തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ചെയ്ത അവസരമായിരുന്നു അത്. തിരഞ്ഞെടുപ്പിൽ ഇന്ദിരാഗന്ധിതന്നെ തോറ്റ് നാണംകെട്ടു. തുടർന്ന് ജനതാഗവർമ്മേണ്ട് അധികാരത്തിൽ വന്നു. ഇന്ദിരാഗാന്ദിയുടെ രാഷ്ട്രീയ ജീവിതത്തിന്റെ അധോഗതി നെല്ലിപ്പടി കണ്ട ഘട്ടം. വിദഗ്ധന്മാരുടെ പഠനത്തിലും സീനിയർ നേതാക്കളുമായുള്ള ചർച്ചകളിലും ഒരു കാര്യം വ്യക്തമായി. പരമ്പരാഗത ദളിത് വോട്ടുകൾ കോൺഗ്രസ്സിന്നു നഷ്ടപ്പെട്ടതാണ് കോൺഗ്രസ്സിന്റെ തകർപ്പൻ പരാജയത്തിന്ന് കാരണഭൂതമായ മുഖ്യ ഘടകം.

ഈ അവസരത്തിൽ ബീഹാറിൽ 12 ദളിതുകളെ മേൽജാതിയിൽ പെട്ടവർ കൂട്ടക്കൊല നടത്തി. എന്നെന്നും കോൺഗ്രസ്സിന്റെ കൂടെ നിന്നിട്ടുള്ള ദളിതുകളുടെ പ്രശ്നങ്ങളെ അവഗണിച്ചതുമൂലം കോൺഗ്രസ്സിന്നുണ്ടായ ക്ഷീണം തീർക്കാൻ, ഇന്ദിരക്ക് ഇതൊരവസരം പ്രദാനം ചെയ്തു. മേൽജാതിക്കാരുടെ അതിക്രമങ്ങളിൽനിന്നും ദളിതുകളെ സംരക്ഷിക്കാൻ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്ന ഒരു ധാരണയിലാണ് ഇന്ദിരാഗാന്ധി എത്തിച്ചേർന്നത്. കൂടുതൽ കഠിനമായ ചില നിയമങ്ങൾ അത്യാവശ്യമായിത്തീർന്നതായി അവർക്ക് തോന്നി.

പക്ഷെ കാര്യങ്ങൾ നീണ്ടുപോയി. ഇതിന്നിടയിൽ രാജീവ്ഗാന്ധി പ്രധാനമന്ത്രിയായി. ആദ്യം ഉദ്ദേശിച്ച കഠിനമായ നിയമം നിയമമായി വന്നത് 1989 ലാണ്. ദളിതുകൾക്കുവേണ്ടിയുള്ള ഇന്ദിരാഗാന്ധിയുടെ മറ്റൊരു സംഭാവന സ്പെഷൽ കോമ്പനന്റ് പ്ലാനാണ്. (ഇപ്പോൾ അതിന്ന് പട്ടികജാതി സബ്പ്ലാൻ എന്ന പേരുമാറ്റിയിട്ടുണ്ട്) കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും മന്ത്രികാര്യാലയങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടിൽ ഒരു നിശ്ചിത ഭാഗം ദളിതുകൾക്ക് നീക്കിവയ്ക്കണമെന്നാണ് ഇതിലെ വ്യവസ്ഥ. ജനസംഖ്യയിൽ എത്ര ശതമാനം പട്ടികജാതിക്കാരുണ്ടെന്ന് നോക്കി ആ ശതമാനക്കണക്കനുസരിച്ച് ദളിതുകൾക്ക് വിഹിതം നീക്കി വയ്ക്കണം. കേന്ദ്രത്തിലും പല സംസ്ഥാനങ്ങളിലും ഇപ്പോൾ ഇതൊന്നും ചെയ്യുന്നില്ലെന്ന് ആക്ഷേപമുണ്ട്. ഈ അടുത്ത കാലത്ത് ഈ പദ്ധതിക്ക് വീണ്ടും ജീവൻ വച്ചിട്ടുണ്ട്.

ദളിതുകൾക്കെതിരായ നാനാതരം അതിക്രമങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് 1989 ലെ നിയമം. ദളിതുകൾക്കിടയിൽ വലിയ ആശക്കിട നൽകിയ ഒരു നിയമമാണിത്. ഈ നിയമം ശരിക്കു നടപ്പാക്കിയിരുന്നുവെങ്കിൽ സ്ഥിതിഗതികളിൽ വലിയ മാറ്റം വരുമായിരുന്നു. ദളിതുകൾക്കെതിരായി അതിക്രമങ്ങൾ കാണിക്കുന്നവരെ കഠിനമായി ശിക്ഷിക്കുക മാത്രം ചെയ്യുന്ന ഒന്നല്ല ഈ നിയമം. അക്രമത്തിന്നിരയായവർക്കുണ്ടായ നഷ്ടം നോക്കിയും അവർക്കേറ്റ പരിക്കിന്റെ സ്വഭാവം നോക്കിയും, അതിക്രമത്തിന്റെ സ്വഭാവം നോക്കിയും അതിക്രമങ്ങൾക്കിരയായവർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുകയും നിയമത്തിൽ നിശ്ചയിച്ചിട്ടുണ്ട്. ദളിതന്നെതിരെ അതിക്രമം നടന്നാൽ തക്കതായ നടപടിയെടുക്കാത്ത പോലീസുകാരേയും ഉദ്യോഗസ്ഥന്മാരേയും ശിക്ഷിക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. പക്ഷെ ഈ നിയമം നടപ്പാക്കുന്നതിന് തരിമ്പും ആത്മാർത്ഥത കാണാറില്ല.

അതിക്രമത്തിന്നിരയായ ഒരു ദളിതൻ പോലീസ് സ്റ്റേഷനിൽ കയറിച്ചെന്നാൽ ഒരു പ്രഥമവിവര റിപ്പോർട്ട് (FIR) തയ്യാറാക്കും. പക്ഷെ അത് പട്ടികജാതി നിയമപ്രകാരമാവില്ല, വേറെ ഏതെങ്കിലും നിയമപ്രകാരമാകും. ക്രമിനലിനെ ശിക്ഷിക്കാനുള്ള പഴുത് അതോടെ അടയുന്നു. പോലീസുകാർ കാണിക്കുന്ന നിസ്സംഗതയുടെ കാരണം, അവരാരും ദളിതുകളല്ലെന്നതാണ്. ഇതിന്നും പുറമെ ഉദ്യോഗസ്ഥന്മാർ ജാതി ചിന്തയുള്ളവരാകും. 1989 ലെ നിയമം അപൂർണ്ണമാണെന്നത് ശരിതന്നെ. സാമൂഹ്യ ബഹിഷ്കരണം, തൊഴിൽ നിഷേധം തുടങ്ങിയ പലതും ഈ നിയമത്തിന്റെ പരിധിയിൽ പെടുത്തിയിട്ടില്ല. പക്ഷെ അടിസ്ഥാനപരമായ വീഴ്ച നിയമനിർമ്മാണത്തിലല്ല, പോലീസുകാർക്കും ഉദ്യോഗസ്ഥന്മാർക്കും താല്പര്യമില്ലായ്മയാണ്.

സാമൂഹ്യ ബോധമുള്ള പത്രപ്രവർത്തകർ ഏറ്റെടുക്കേണ്ട ഒരു വെല്ലുവിളിയാണിത്. ദളിതുകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നിടത്ത് അവരുടെ കടമ തീരുന്നില്ല. അപ്പോഴേ അവർ സാമൂഹ്യ പുരോഗതിക്കും സാമൂഹ്യ നീതിക്കുമുള്ള ഏജന്റുമാരായിത്തീരൂ.

(ഹിന്ദുവിൽ റീഡേഴ്സ് എഡിറ്ററാണ് ലേഖകൻ) ❑

# ഭീകരന്മാരും തീവ്രവാദികളും ഒരേ ഗണത്തിൽ പെട്ടവരല്ല

- വേദ് മാർവ്വ -

ഇടതുപക്ഷ തീവ്രവാദികൾ നടത്തുന്ന അക്രമങ്ങൾക്കും ഭീകരന്മാരുടെ പ്രവർത്തനങ്ങൾക്കും തമ്മിൽ അടിസ്ഥാനപരമായൊരു വ്യത്യാസമുണ്ട്. ഭീകരപ്രവർത്തനങ്ങളെല്ലാം പ്ലാനിട്ടു നടത്തുന്നവയാണ്; ചെറിയൊരു സംഘം അതിരഹസ്യമായി നടത്തുന്ന ആക്രമണമാണത്. എന്നാൽ നക്ഷലുകൾ ആക്രമണം നടത്തുന്നത് തദ്ദേശീയ ജനതയുടെ വൻതോതിലുള്ള സഹകരണത്തോടെയാണ്. പട്ടാപകൽ സമയത്ത് ആക്രമണം നടത്താനാണവർ ഇഷ്ടപ്പെടുന്നത്. നാടു ഭരിക്കുന്നത് ഗവർമ്മേണ്ടല്ല, തങ്ങളാണ് എന്ന് ബോധ്യപ്പെടുത്താനാണിവർ പകൽ ആക്രമണം നടത്തുന്നത്.

2005ൽ ജഹാനാബാദ് ജില്ലാജയിലിന്റെ നേരെ ആക്രമണം നടത്തിയത് ആയിരത്തിൽപരം തീവ്രവാദികൾ ചേർന്നായിരുന്നു. അവർ 340 തടവുകാരെ മോചിപ്പിച്ചു. കഴിഞ്ഞ രണ്ടു കൊല്ലത്തിന്നിടയിൽതന്നെ നൂറിൽപരം നക്ഷൽ അക്രമങ്ങൾ നടന്നിട്ടുണ്ട്; ഇവയിൽ നൂറുകണക്കിന്നാളുകൾ പങ്കെടുക്കുകയും ചെയ്തു. ഭീകരപ്രവർത്തനം പോലെയല്ല നക്ഷൽ അക്രമങ്ങൾ. പോലീസിന്നും സൈന്യത്തിന്നും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയാത്ത ഉൾനാടൻ ഗോത്രവർഗ്ഗ ഗ്രാമങ്ങളിലാണ് നക്ഷൽ അക്രമങ്ങളിലധികവും നടക്കുക.

ഈ പ്രദേശങ്ങളിൽ ജീവിക്കുന്ന പാവങ്ങൾക്ക് അധികാരികൾ എന്നത് നക്ഷലുകൾ മാത്രമാണ്. സംസ്ഥാന ഭരണകൂടം എത്തിനോക്കാത്ത ഈ പ്രദേശങ്ങളിൽ ജനങ്ങൾക്ക് എല്ലാറ്റിന്നും ആശ്രയമായിരിക്കുന്നത് തീവ്രവാദികളാണ്. നിത്യോപയോഗ സാധനങ്ങൾ കിട്ടുന്നതിന്നും അവശ്യസേവനങ്ങൾ ലഭിക്കുന്നതിന്നും നക്ഷലുകളെ ആശ്രയിക്കണം. മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ഉൾനാടുകളിൽ കാലുകുത്താൻ മടിക്കുന്നവരാണ്. ഞാനിത് നേരിട്ടു മനസ്സിലാക്കിയിട്ടുണ്ട്. ഝാർഖണ്ഡിലെ ഗവർണറായിരുന്ന കാലത്ത് (2003 -2008) നക്ഷൽ ശല്യം എറ്റവുമധികം അനുഭവപ്പെടുന്ന ജില്ലാ ആസ്ഥാനങ്ങളിൽ ഞാൻ നേരിട്ടുപോയി അന്വേഷിക്കാറുണ്ടായിരുന്നു. ഒരു ജില്ലാ ആസ്പത്രിയിൽ ചെന്നപ്പോൾ അവിടത്തെ എക്റെ യന്ത്രം ഒരു കൊല്ലമായി പ്രവർത്തിക്കുന്നില്ലെന്ന് അറിഞ്ഞു. മറ്റൊരു വലിയ ആസ്പത്രിയിൽ കട്ടിലുകളെല്ലാം ഒഴിഞ്ഞു കിടക്കുന്നു. പകർച്ചവ്യാധികൊണ്ട് ജനങ്ങൾ ഗതികേടിലാണെങ്കിലും ആരും ആസ്പത്രിയിലില്ല. കാരണം മരുന്നില്ല. ബഡ്ജറ്റിൽ ഒരു കോടിയിൽപരം രൂപ മരുന്നിന്ന് വകയിരിത്തിയിട്ടുള്ളപ്പോഴാണിത് എന്നോർക്കണം. ജില്ലാ കേന്ദ്രത്തിലെ സ്കൂൾ പൂട്ടിയിട്ടില്ല എന്നേയുള്ളൂ. വളരെ കുറച്ച് അധ്യാപകരെ മാത്രമേ അവിടെ കണ്ടുള്ളൂ. പ്രൈമറി ക്ലാസുകളിലെ കുട്ടികൾക്കൊന്നും പാഠപുസ്തകം കിട്ടിയിട്ടില്ല. നിയമപ്രകാരം കുട്ടികൾക്കെല്ലാം വിദ്യാഭ്യാസ വകുപ്പിൽ നിന്ന് സൗജന്യമായി പാഠപുസ്തകം നൽകേണ്ടതുണ്ട്. ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ഭവന നിർമ്മാണം എന്നിവക്കായി ഗവർമ്മേണ്ട് അനുവദിക്കുന്ന പണത്തിൽ മിക്കതും ആരുടെയെല്ലാമോ പോക്കറ്റുകളിലാണ് ചെന്നു ചേരുന്നതെന്നു തോന്നുന്നു. ഞാനിക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അദ്ദേഹം നടപടിയൊന്നും എടുത്തില്ലെന്നല്ല, ദൈനംദിന ഭരണ കാര്യങ്ങളിൽ ഗവർണർ തലയിടുന്നതായി അദ്ദേഹം പരാതിപ്പെടുകയും ചെയ്തു.

ഇടതുപക്ഷ തീവ്രവാദത്തിന്റെ ആഘാതം ഏറ്റവുമധികം നക്ഷൽ ശല്യമുള്ള സംസ്ഥാനങ്ങളിൽ മാത്രമായി ഒതുങ്ങി നിൽക്കുകയില്ല. ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയെത്തന്നെ അത് ബാധിച്ചേക്കും. ഇന്ത്യയുടെ ധാതു സമ്പത്തുക്കളിലധികവും നക്ഷൽ ശല്യമുള്ള സംസ്ഥാനങ്ങളിലാണ്. രാജ്യത്തിന്റെ സാമ്പത്തിക ധമനികളായ റോഡ്, റെയിൽവേ എന്നിവയെ ആകെ തകരാറിലാക്കാൻ നക്ഷലുകൾക്ക് കഴിഞ്ഞുവെന്നുവരും. ബീഹാർ, ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, ഒറീസ, മഹാരാഷ്ട്രം, ആന്ധ്ര എന്നിവ ധാതു സമ്പത്തുകൊണ്ട് സമ്പന്നമാണ്.

കേന്ദ്ര ആഭ്യന്തരമന്ത്രി കാര്യാലയത്തിന്റെ ഒരു സമീപകാല റിപ്പോർട്ടനുസരിച്ച് ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ 23 എണ്ണത്തിലും നക്ഷൽ ശല്യമുണ്ട്. 2009 ന്റെ അവസാനമാകുമ്പോഴേക്കും ഇന്ത്യയുടെ ഭൂപ്രദേശത്തിന്റെ 35 ശതമാനവും മോചിപ്പിക്കണമെന്നതാണ് അവരുടെ ലക്ഷ്യമെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യയിലിപ്പോൾ 39 ഇടതുപക്ഷ തീവ്രവാദി ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിലാകെ ഒരു ലക്ഷത്തിൽപരം സായുധ ഭടന്മാരുണ്ടെന്നും അതിൽ തുടർന്നു പറയുന്നു. അവരുടെ ആയുധശക്തി ഈയിടെ അസാധാരണമാംവണ്ണം വർധിച്ചിട്ടുണ്ട്. വിപ്ലവ പ്രസ്ഥാനത്തിന്റെ പുതിയൊരു ഘട്ടമാണിത്. കഴിഞ്ഞ മൂന്നോ നാലോ കൊല്ലംകൊണ്ട് ഇവരുടെ സായുധ സേനാവിഭാഗം 40 ശതമാനം കണ്ട് വർധിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. മാവോയിസ്റ്റുകൾക്കുതന്നെ പതിനായിരത്തിൽപരം സായുധ ഭടന്മാരുണ്ട്. മൂന്നുകൊല്ലംമുമ്പ് ഇവരുടെ പരിശീലന കേന്ദ്രങ്ങളുടെ എണ്ണം 48 ആയിരുന്നുവെങ്കിൽ ഇന്ന് അത് എൺപതിൽപരമായിട്ടുണ്ട്.

ഇടതുപക്ഷ തീവ്രവാദികളിൽ നിന്നുള്ള ഭീഷണി അങ്ങനെ ഗുരുതരമായി വളരുമ്പോഴും സർക്കാരിൽ നിന്നുള്ള പ്രതികരണം ദുർബ്ബലമാണ്. ഇടതുപക്ഷ ഭീഷണിയുടെ സ്വഭാവത്തെക്കുറിച്ചുതന്നെ സർക്കാരിൽ ആശയക്കുഴപ്പമാണുള്ളത്. പ്രശ്നം സങ്കീർണ്ണമാണ്. സാമൂഹികവും സാമ്പത്തികവുമായ നീതിയെ ചൊല്ലിയാണ് തീവ്രവാദികൾ രംഗത്തിറങ്ങുന്നത്. അതിന്നാകട്ടെ ജനങ്ങൾക്കിടയിൽ വ്യാപകമായ പിൻതുണയുമുണ്ട്. തന്മൂലം ഇടതുപക്ഷ തീവ്രവാദികളെ ഫലപ്രദമായി നേരിടാൻ സർക്കാർ മടിക്കുന്നു. ഇടതുപക്ഷ തീവ്രവാദികളുടെ ആവശ്യങ്ങൾ ന്യായമാണോ എന്നതല്ല പ്രശ്നം. ആ ആവശ്യങ്ങൾ നേടിയെടുക്കാൻ അവർ പ്രഖ്യാപിച്ചിട്ടുള്ള മാർഗ്ഗമാണ് പ്രശ്നം.

വിപ്ലവ പ്രസ്ഥാനത്തോട് സഹാനുഭൂതിയുള്ളവർ ധാരാളമുണ്ട്. എന്നാൽ അവരൊന്ന് ഇരുന്നാലോചിക്കണം. രക്തപങ്കിലമായ ഒരു വിപ്ലവത്തിന്റെ ഭവിഷ്യത്തുകൾ എന്തായിരിക്കും? സമൂഹത്തിന്റെ പുറമ്പോക്കിൽ ജീവിക്കുന്ന അതി ദരിദ്രരായ ജനങ്ങൾക്ക് പറഞ്ഞാലൊടുങ്ങാത്തത്ര ദുരിതങ്ങളാണ് അതു വരുത്തിത്തീർക്കുക. അത് ജീവനും സ്വത്തിന്നും ഉണ്ടാക്കാവുന്ന നഷ്ടം കണക്കാക്കാനാകാത്തത്ര ഭീമമായിരിക്കും. അസ്ഥിരതയുടേതായ, അരാജകത്വത്തിന്റേതായ, കലാപത്തിന്റേതായ നീണ്ടൊരു കാലഘട്ടം സംജാതമായാൽ, ഇന്ത്യ അനേകം ദശകങ്ങൾക്കു മുമ്പുള്ള സ്ഥിതിയിലേക്ക് വഴുതി വീഴും.

സദുദ്ദേശ പ്രേരിതരായ ജനങ്ങൾ അക്രമങ്ങൾക്ക് ന്യായീകരണം കണ്ടെ

ത്താൻ മെനക്കെടുന്നതിന്നു പകരം ജനങ്ങൾക്ക് സാമ്പത്തികവും സാമൂഹികവുമായ നീതി കൈവരുത്താൻ അടിയന്തര നടപടികളെടുപ്പിക്കുന്നതിന്ന് ഗവർമ്മേണ്ടിൽ സമ്മർദ്ദം ചെലുത്തുകയാണ് വേണ്ടത്. അടിസ്ഥാനപരമായ ചില രാഷ്ട്രീയ-സാമ്പത്തിക പരിഷ്കാരങ്ങൾ പണ്ടേ നടപ്പാക്കേണ്ടതായിരുന്നു. അതിന്ന് രക്തപങ്കിലമായൊരു വിപ്ലവം വരാൻ കാത്തിരിക്കേണ്ടതില്ല. രാഷ്ട്രീയ-സാമ്പത്തിക പരിഷ്ക്കാരങ്ങളിലൂടെ ജനങ്ങൾക്ക് നീതി കൈവരുത്താൻ കഴിയുകതന്നെ ചെയ്യും.

ഈ പ്രശ്നം അത്യന്തം ഗുരുതരമാണ്. ഇതൊക്കെ സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുത്ത് കയ്യും കെട്ടിയിരിക്കുന്നത് ശരിയല്ല. ദേശീയ തലത്തിലുള്ള ഭീഷണിയെ നേരിടാൻ ദേശീയ തലത്തിൽതന്നെ ശ്രമം നടത്തേണ്ടതുണ്ട്.

ഗവർമ്മേണ്ടിന്റെ ഭീകര വിരുദ്ധ നയങ്ങളുടെ സ്വഭാവംതന്നെ ചാഞ്ചാട്ടമാണ്. താൽക്കാലിക പരിഹാരമാർഗ്ഗം തേടലാണ് പതിവ്. ഗവർമ്മേണ്ടിന്റെ ചിന്താസരണി ഒട്ടുംതന്നെ വ്യക്തമല്ല. പ്രശ്നത്തിന്റെ കാരണങ്ങളെക്കുറിച്ചോ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചോ നിശ്ചിതമായൊരു നിലപാടുമില്ല. ഒരു ഗവർമ്മേണ്ട് വെടി നിർത്തും; കൂടിയാലോചന നടത്തും അതിന്നിടയിൽ വെടിപൊട്ടും. തീവ്രവാദികളെ നിർദ്ദയം അടിച്ചമർത്താൻ രക്ഷാസേനക്ക് സകലവിധ സ്വാതന്ത്ര്യവും നൽകും. കുറെ ചർച്ച; പിന്നെ വെടിപൂരം. ഇതിങ്ങനെ എത്രയോ തവണ ആവർത്തിച്ചിരിക്കുന്നു. തന്മൂലം രക്ഷാസേനക്കിടയിൽതന്നെ ആശയക്കുഴപ്പമുണ്ടാകുന്നു. അവരുടെ മനോവീര്യം കെട്ടുപോകുന്നു.

മാവോയിസ്റ്റ് ആക്രമണങ്ങളെക്കുറിച്ച് ദിവസേനയെന്നോണം പത്ര റിപ്പോർട്ടുകൾ കാണുന്നുണ്ട്. എല്ലാറ്റിനേയും തകർത്തു തരിപ്പണമാക്കുമെന്ന പതിവു പ്രഖ്യാപനമല്ലാതെ സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രത്യേകിച്ചൊരു പ്രതികരണവും കാണുന്നില്ല. കേന്ദ്ര ഗവർമ്മേണ്ട് തങ്ങളുടെ കയ്യിൽ ചെളി പുരളാതിരിക്കാൻ ശ്രദ്ധിക്കുന്നു. വൃത്തികെട്ട പണികളെല്ലാം സംസ്ഥാന ഗവർമ്മേണ്ട് ചെയ്യട്ടെ എന്ന മനോഭാവമാണ് കേന്ദ്രത്തിനുള്ളത്. അതു നടപ്പുള്ള കാര്യമല്ല. കാരണം നക്ഷൽ ബാധിതമായ സംസ്ഥാനങ്ങൾക്ക് അവരെ നേരിടാൻ ഒരു ശേഷിയുമില്ല. സ്വന്തം നിലനിൽപ് ഉറപ്പാക്കുന്നതിന്നുള്ള രാഷ്ട്രീയ ഉപജാപങ്ങൾക്കേ അവർക്ക് നേരമുള്ളൂ. ഗവർമ്മേണ്ട് അങ്ങനെ ചാഞ്ചാടിക്കൊണ്ടിരിക്കെ മാവോയിസ്റ്റുകൾ അവരുടെ കരുത്തും സന്നാഹവും വർധിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ഇടതുപക്ഷ തീവ്രവാദം മറ്റു തീവ്രവാദങ്ങൾ പോലെയല്ല. ഇടതുപക്ഷ തീവ്രവാദികൾ സ്വാതന്ത്ര്യത്തിന്നു വേണ്ടി പോരാടുന്നില്ല; ഇന്ത്യൻ യൂണിയനിൽ നിന്ന് വിട്ടുപോകണമെന്നു വാദിക്കുന്നില്ല. പാവങ്ങൾക്ക് സാമൂഹികവും സാമ്പത്തികവുമായ നീതി ലഭിക്കണമെന്നേ അവർ ആവശ്യപ്പെടുന്നുള്ളൂ. വിവേകമതിയായ ഒരാൾക്കും ഇതിനോട് വിയോജിക്കാനാവില്ല. ഇടതുപക്ഷ തീവ്രവാദത്തെ എങ്ങനെ നേരിടണമെന്ന കാര്യത്തിൽ ഗവർമ്മേണ്ടിൽ കാണുന്ന ആശയക്കുഴപ്പം രക്ഷാസേനയുടെ ദൗത്യത്തെ വിഷമകരമാക്കുന്നു. ദരിദ്രരും പാവങ്ങളും നൂറ്റാണ്ടുകളായി സാമൂഹികവും സാമ്പത്തികവുമായ അനീതിക്കിരയായി കഴിയുകയാണെന്നു പറയുന്നതിൽ ന്യായമുണ്ട്. സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷവും ഈ വിഭാഗക്കാർ സമൂഹത്തിന്റെ പുറമ്പോക്കിൽതന്നെ കഴിയുകയാണ്. വികസനം എന്താണെന്നിവർ അറിഞ്ഞിട്ടു പോലുമില്ല. വാസ്തവത്തിൽ ഈ പാവങ്ങളെ ചൂഷണം ചെയ്യുന്നതിൽ അധികാരി വർഗ്ഗത്തിന്നൊരു മനസ്സാക്ഷികു ➡ ത്തുമുണ്ടായിട്ടില്ല. വികസനത്തിന്റെ സദ്ഫലങ്ങളൊന്നും കണികാണാൻ പോലും കഴിയാത്തവർക്ക് തീവ്രവാദികളുടെ ഹിംസാമാർഗ്ഗം സ്വീകരിക്കുകയല്ലാതെ പോംവഴിയൊന്നുമില്ല. പാവങ്ങൾക്കാവശ്യമുള്ളത് നൽകേണ്ടത് സർക്കാരിന്റെ കടമയായിരുന്നു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം നിലവിൽവന്ന ഒരു ഗവർമ്മേണ്ടും ഈ പാവങ്ങളുടെ പരാതികൾ പരിഹരിക്കാൻ ശ്രമിച്ചിട്ടില്ലെന്നല്ല തീവ്രവാദികളുടെ അക്രമങ്ങൾ തടയാൻ ഗവർമ്മേണ്ടിന്ന് കഴിഞ്ഞിട്ടുമില്ല. തീവ്രവാദികൾ വിഹരിക്കുന്ന മേഖലകളിൽ അവശ്യ സാധനങ്ങളും സേവനങ്ങളും എത്തിക്കുന്നതിന്നു പകരം, ഭരണത്തിന്നുള്ള സ്ഥാപനങ്ങൾ തന്നെ അപ്രത്യക്ഷമായിരിക്കുകയാണ്. നേതാക്കന്മാരുടെ പ്രസംഗങ്ങൾക്കൊരു ക്ഷാമവുമില്ല; എന്നാൽ പ്രവൃത്തിയിൽ ഒന്നും കാണുന്നില്ലെന്നു മാത്രം.

(ലേഖകൻ ഝാർഖണ്ഡ് ഗവർണറായിരുന്നു. ലേഖകന്റെ "തിളച്ചുമറിയുന്ന ഇന്ത്യ" എന്ന കൃതിയിൽ നിന്നുള്ള ഒരു ഭാഗം) ❏

# സംസ്ഥാന വിഭജനത്തിലെ വെല്ലുവിളികൾ

- ഷീജ കുരിയാക്കോസ് -

സ്വാതന്ത്ര്യാനന്തരം ഭാരതം നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു നാട്ടുരാജ്യങ്ങളുടെ പുന:സംയോജനം. ഇന്ത്യൻ ജനത, ദേശീയ തലത്തിൽ ജാതിമത ഭാഷാടിസ്ഥാനത്തിലുള്ള ഭിന്നതകൾ മറന്ന് സാമ്രാജ്യത്വ ശക്തികൾക്കെതിരെ അണിനിരന്നപ്പോൾ, പ്രാദേശിക തലത്തിൽ ഭാഷാടിസ്ഥാനത്തിലുള്ള അതിർ വരമ്പുകൾ പ്രകടമായി വന്നു. ഇന്ത്യയുടെ ജന്മം തന്നെ വർഗ്ഗീയതയുടെ പേരിലുള്ള വിഭജനത്തിൽ നിന്നായിരുന്നെന്ന് നാം ഓർക്കണം. ഭാഷയുടെ അടിസ്ഥാനത്തിലുള്ള ആദ്യത്തെ സംസ്ഥാനമായ ആന്ധ്രപ്രദേശ് രൂപീകരിച്ചത് പ്രശസ്ത ഗാന്ധിയനായിരുന്ന ശ്രീ പോറ്റി ശ്രീരാമലുവിന്റെ 58 ദിവസത്തെ നിരാഹാരത്തെ തുടർന്നുള്ള മരണത്തോടെയാണ്. അതിനുശേഷം സംസ്ഥാന പുന:സംഘടനക്കു വേണ്ടിയുള്ള ആവശ്യങ്ങൾ ശക്തിപ്പെടുകയും 1955 ൽ ഒരു സംസ്ഥാന പുന:സംഘടന കമ്മീഷൻ നിലവിൽ വരികയും ചെയ്തു.

ഭാഷ, സംസ്കാരം, ഗോത്രം ലിപി തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള അവകാശങ്ങൾ ഇന്ത്യൻ ഭരണഘടന നിരസിക്കുന്നില്ല. പിൻബലമായി സംസ്ഥാനങ്ങളുടെ രൂപീകരണത്തിനും, അതിർ വരമ്പുകളുടെ പുന:ക്രമീകരണത്തിനുമായി ഒരു വകുപ്പും (Art. 3) ഭരണഘടനയിലുണ്ട്.

ഇന്ത്യയുടെ വൈവിധ്യവും, സങ്കീർണ്ണവുമായ സാമൂഹിക പശ്ചാത്തലത്തിൽ, ഫെഡറൽ സംവിധാനം ഒരളവുവരെ വിജയമാണെന്നുള്ളത് അംഗീകരിക്കേണ്ട വസ്തുതയാണ്. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള അധികാര വിഭജനത്തിലും അതിന്റെ സ്വതന്ത്രമായ നിർവ്വഹണത്തിലും അധിഷ്ഠിതമാണ് നമ്മുടെ ഫെഡറൽ വ്യവസ്ഥ. വിവിധങ്ങളായ പ്രാദേശിക താല്പര്യങ്ങളെ വേണ്ടത്ര ഉൾക്കൊള്ളാനുള്ള വഴക്കവും അതിനുണ്ട്.

ഭാഷയുടെ അടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം ഭാഷയുടെ കലാസാഹിത്യ രംഗത്തുള്ള വളർച്ചക്ക് ഒരു പ്രോത്സാഹനമായി മാറുന്നു. എന്നാൽ പ്രാദേശികവാദികൾ ഭാഷയ്ക്കപ്പുറത്തേയ്ക്കുള്ള മാനദണ്ഡങ്ങൾ ഉന്നയിക്കുമ്പോൾ വ്യക്തമായ

ഒരു മാനദണ്ഡമുണ്ടാക്കി വീണ്ടുമൊരു സംസ്ഥാന പുന:സംഘടനാ കമ്മീഷൻ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയും ഉയർന്നുവരുന്നു.

എല്ലാ ഭാഷക്കാർക്കും, ഗോത്രക്കാർക്കും പ്രത്യേക സംസ്ഥാനങ്ങളനുവദിക്കയെന്നത് സാധ്യമായ കാര്യമല്ല. ഇന്ത്യയിൽ ഏകദേശം 1652 ഓളം മാതൃഭാഷകളുണ്ട്. ഭരണഘടനയുടെ 8-ാം പട്ടികയിൽ ഒദ്യോഗിക ഭാഷകൾ 22 ആയി വർധിപ്പിച്ചിട്ടുണ്ട്. ജനസംഖ്യയുടെ 91% ത്തോളവും ഇതിലുൾപ്പെടുന്നു. പ്രാദേശിക താല്പര്യങ്ങളെ മുൻനിറുത്തി, പുതിയ സംസ്ഥാനങ്ങളും ചില ഗോത്ര സമൂഹങ്ങൾക്ക് സ്വയം ഭരണാവകാശവും ജില്ലാ വികസന സമിതികളും അനുവദിച്ചിട്ടുണ്ട്.

ഇന്ത്യയിലെ പ്രാദേശിക വാദത്തിന് തുടക്കം കുറിച്ചത്, തമിഴ്നാട്ടിലെ ദളിതരുടേയും ദ്രാവിഡരുടേയും ബ്രാഹ്മണർക്കെതിരെയുള്ള സമരത്തോടെയാണ്. കടുത്ത ഭാഷാവാദവും, ഹിന്ദി ഔദ്യോഗിക ഭാഷയാക്കുന്നതിനെതിരെയുള്ള പ്രക്ഷോഭണങ്ങളുമായി അത് മുന്നോട്ട് പോയി. ദ്രാവിഡനാടിന്നായി, ഇന്ത്യയിൽ നിന്നുള്ള വിട്ടുപോകലിന്ന് വരെ അവർ ശ്രമിച്ചു. ഇപ്പോഴാകട്ടെ കൂടുതൽ പ്രാദേശിക പാർട്ടികളും, സംഘടനകളുമായി പ്രശ്നത്തിന്റെ മുഖ്യധാരയിൽനിന്ന് അല്പം മാറി നിൽക്കുന്നു.

തെലുങ്കാന പ്രശ്നം കഴിഞ്ഞ 40 വർഷങ്ങളായി മുഴങ്ങി കേൾക്കുന്നു. ഇന്നിപ്പോൾ ഭരണഘടനാ വിരുദ്ധമായ സമരമുറകളും, പ്രക്ഷോഭങ്ങളും ജനജീവിതത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. മാധ്യമങ്ങൾ നൽകുന്ന അമിത പ്രചാരം ജനസമൂഹത്തെ പരസ്പരം ശത്രുക്കളാക്കുന്നു. ജനങ്ങൾക്കെതിരെ അക്രമം അഴിച്ചുവിടുമ്പോൾ, രാഷ്ട്രത്തിന്റെ പൊതുമുതൽ നശിപ്പിക്കപ്പെടുമ്പോൾ അത് ശിക്ഷാർഹമായ കുറ്റകൃത്യമായി കണക്കാക്കണം. തൊഴിലിനും, സഞ്ചാരത്തിനുമുള്ള സ്വാതന്ത്ര്യമുൾക്കൊള്ളുന്ന ഭരണഘടനയിലെ 19-ാം വകുപ്പ് ഇവിടെ ഒരു ചോദ്യചിഹ്നമാവുകയാണ്.

പ്രാദേശികമായ അസന്തുലിതാവസ്ഥക്ക് കാലാവസ്ഥ, ഭൂപ്രകൃതി, പ്രബുദ്ധ ജനതയുടെ ഏറ്റക്കുറച്ചിൽ, കുടിയേറ്റം എന്നിവയ്ക്കൊക്കെ പങ്കുണ്ട്. എന്നാൽ ഭരണാധികാരികളുടെ നയവൈകല്യങ്ങളും, സങ്കുചിത താല്പര്യങ്ങളും പ്രധാന കാരണമായി എടുത്തുപറയേണ്ടതുണ്ട്. ഇത്രയധികം പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കിയിട്ടും, പിന്നോക്ക മേഖലകളുടെ വികസനം വേണ്ടത്ര ശക്തിപ്പെടുത്താനായിട്ടില്ല. കേന്ദ്രവും സംസ്ഥാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ച് പിന്നോക്ക മേഖലകളെ പുനരുദ്ധരിക്കണം.

ഒരേ ഭാഷക്കാർ വെവ്വേറെ സംസ്ഥാനങ്ങൾക്ക് വേണ്ടിയും വ്യത്യസ്ത ഭാഷക്കാർ ഒരേ പ്രദേശത്തിനുവേണ്ടിയുമുയർത്തുന്ന മുറവിളികൾ പുന:പരിശോധിക്കേണ്ടവയാണ്. വ്യക്തി രാഷ്ട്രീയ താല്പര്യങ്ങളെ മുൻനിറുത്തി ജനപിന്തുണ നേടാനുള്ള പ്രാദേശിക പാർട്ടികളുടെ ശ്രമം ഗുരുതരമായ സാമൂഹിക സംഘർഷങ്ങൾക്ക് വഴിവെക്കുന്നു. ബന്ദുകൾ, ഹർത്താലുകൾ, പൊതുമുതൽ നശിപ്പിക്കൽ, കൊലപാതകങ്ങൾ തുടങ്ങിയവ നിത്യ സംഭവങ്ങളാകുന്നു. വിട്ടുപോകൽ പ്രസ്ഥാനങ്ങൾ, നക്സലിസം, പ്രാദേശിക പാർട്ടികളുടെ വർദ്ധനവ്, 'മണ്ണിന്റെ മക്കൾ' വാദം അന്തർ സംസ്ഥാന പ്രശ്നങ്ങൾ തുടങ്ങിയവ അമിതമായ പ്രാദേശികതയുടെ പ്രതിഫലനങ്ങളാണ്.

വിപ്ലവാത്മകവും, അല്ലാത്തതുമായ വിഭജന പ്രസ്ഥാനങ്ങൾ രാഷ്ട്രത്തിലങ്ങോളമിങ്ങോളം പ്രക്ഷോഭങ്ങൾ സൃഷ്ടിക്കുന്നു. അസ്സമിലെ 'ഉൾഫ' തീവ്രവാദികളും മഹാരാഷ്ട്രയിലെ നവനിർമ്മാൺ സേനയും സാധുക്കളായ കുടിയേറ്റ കർഷകർക്ക് നേരെ അഴിച്ചുവിടുന്ന അക്രമങ്ങൾ വ്യക്തമായ അവകാശ ലംഘനമാണ്. വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള അവസരങ്ങൾ നഷ്ടപ്പെടുന്ന ന്യൂനപക്ഷ വിഭാഗങ്ങൾ ധാരാളമുണ്ട്. ഭീഷണികൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽനിന്നും ഇതര വിഭാഗങ്ങളിലുള്ളവർ മാറിത്താമസിക്കേണ്ടി വരുന്നു.

തെലുങ്കാന പ്രശ്നം മറ്റു പ്രാദേശിക വിഭജന പ്രസ്ഥാനങ്ങൾക്കും തിരികൊളുത്തിയിരിക്കുന്നു. ഗോർഖാലാൻഡ്, വിദർഭ, പൂർവ്വാഞ്ചൽ തുടങ്ങിയ പുതിയ സംസ്ഥാനങ്ങളുണ്ടാക്കുന്നതിനായി ഏകദേശം ഇരുപത്തിയൊന്നോളം വിഭജന പ്രസ്ഥാനങ്ങൾ ഇന്ത്യയിലുണ്ട്. മംഗലാപുരം ഉൾപ്പെടുന്ന തുളുനാടിന് വേണ്ടിയുള്ള പ്രക്ഷോഭം കേരളത്തിന്റേയും കർണ്ണാടകത്തിന്റേയും തലവേദനയാണ്.

ഇന്ത്യയുടെ വടക്കു കിഴക്കൻ മേഖല ഒരുകാലത്ത് പ്രക്ഷുബ്ധമായിരുന്നു. 400 ഓളം വ്യത്യസ്ത ഗോത്ര വിഭാഗക്കാരുടെ കേന്ദ്രമായിരുന്നു ഇവിടം. മിസോറാം, നാഗാലാന്റ്, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങളുടെ രൂപീകരണത്തോടെ ഇവിടം മുമ്പത്തേക്കാൾ ശാന്തമാണ്. അവ പുരോഗതിയുടെ പാതയിലുമാണ്. എന്നാൽ ഒറീസ്സ, ത്ഡാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലെ വനാന്തരങ്ങളിലും മറ്റുമായി വിന്യസിച്ചിട്ടുള്ള 15,000 ത്തോളം വിഭാഗത്തിൽപ്പെട്ടവരായ നക്സലുകൾക്ക് മുമ്പിൽ രാഷ്ട്രം പകച്ചുനിൽക്കുന്നു. സ്വതന്ത്ര രാഷ്ട്രപദവിയിൽ കുറഞ്ഞ ഒരു പരിഹാരത്തിനും അവർ തയ്യാറല്ല. ആഭ്യന്തര പ്രശ്നങ്ങൾ സൃഷ്ടിച്ച സോവിയറ്റ് യൂണിയന്റെ പതനം നമ്മുടെ മുന്നിൽ ഒരു ഉദാഹരണമാണ്.

സംസ്ഥാനത്തിന്റെ വലുപ്പം അതിന്റെ പുരോഗതിയെ നിർണ്ണയിക്കുന്ന ഒന്നായി കണക്കാക്കാനാവില്ല. ഉത്തർപ്രദേശ് ഒരു ഉദാഹരണമാണ്. വികസന പട്ടികയിൽ മുൻനിരയിൽ നിൽക്കുന്ന, ഗോവ, ഡൽഹി, പഞ്ചാബ് ഹിമാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളാവട്ടെ താരതമ്യേന വലുപ്പത്തിൽ ചെറുതുമാണ്. വിഭജനം സാമ്പത്തിക പുരോഗതിയുണ്ടാക്കുമോ എന്നതിന് പുതുതായി രൂപംകൊണ്ട ത്ഡാർഖണ്ഡ്, ഛത്തീസ്ഗഡ്, ഉത്തർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾക്ക് മറുപടിയുമില്ല.

ജനാധിപത്യ രാജ്യങ്ങളിലെല്ലാം പ്രാദേശിക വാദങ്ങളുമുണ്ട്. പ്രാദേശിക അസമത്വങ്ങൾ പരിഹരിക്കപ്പെടുന്നതിനായി രാഷ്ട്രീയ, സാംസ്കാരിക, സാമ്പത്തിക രംഗത്തെ വിദഗ്ധരുമായുള്ള ചർച്ചകൾ ഫലപ്രദമാണ്. സംസ്ഥാന രൂപീകരണം എളുപ്പത്തിൽ സാധ്യമാവുന്ന ഒന്നല്ല. വളരെ ചെലവേറിയതുമാണ്. എടുത്തുചാടിയുള്ള തീരുമാനങ്ങൾ അഭികാമ്യമല്ല. വിവാദങ്ങളേറെയും വ്യക്തമായ രാഷ്ട്രീയ ലാക്കോടുകൂടിയവയാണ്. പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുമ്പോൾ, രാഷ്ട്രീയക്കാർക്ക് ലഭിക്കുന്നത് മുഖ്യമന്ത്രി, ഗവർണ്ണർ, കാബിനറ്റ് അംഗത്വം തുടങ്ങിയ പദവികളാണ്. എന്നാൽ നദീജല തർക്കം പോലുള്ള കുറെ അന്തർ സംസ്ഥാന ബന്ധങ്ങളും ഇതിന്റെ ഭാഗമായി ഉയർന്നു വരും. പ്രാദേശികത അതിരുകവിയുമ്പോൾ അന്യദേശങ്ങളിലെ കുടിയേറ്റക്കാരോടുള്ള അതിക്രമങ്ങൾ നിത്യസംഭവങ്ങളാകുന്നു.

ദേശീയ ഐക്യം നിലനിർത്തിക്കൊണ്ടുതന്നെ ഭരണപരമായ സൗകര്യങ്ങൾ, സാമ്പത്തിക സുസ്ഥിരത സാമൂഹികവും സാംസ്ക്കാരികവുമായ ഏകീകരണം എന്നിവ കണക്കിലെടുത്ത് പ്രാദേശിക വാദങ്ങൾക്ക് തൃപ്തികരമായ പരിഹാരം കണ്ടെത്തേണ്ടതുണ്ട്. വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. ഇന്ത്യൻ ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം നാനാത്വത്തിൽ ഏകത്വമെന്നത് ഒരേസമയം വാഗ്ദാനവും ഭീഷണിയുമാണ്. പ്രാദേശികത നന്മയും തിന്മയുമാണ്. ❑

# കീഴ്‌വഴക്കം? അങ്ങനെയൊന്ന് ഇപ്പോഴും ഇവിടെയുണ്ടോ?

**- ടി.വി. അച്ചുതവാരിയർ -**

പ്രധാനമന്ത്രി മൻമോഹൻ സിങ്ങ് ഒരു ചീത്ത കീഴ്‌വഴക്കം സൃഷ്ടിച്ചിരിക്കുന്നതിൽ രാജ്യസഭയിലെ പ്രതിപക്ഷ നേതാവായ അരുൺ ജയ്റ്റ്‌ലി ഡിസംബർ 22 ന്ന് അസന്തുഷ്ടി പ്രകടിപ്പിക്കുകയുണ്ടായി. പാർലിമെന്റിന്റെ ശീതകാല സമ്മേളനം നടക്കുമ്പോൾ പ്രധാനമന്ത്രി ലോക തലസ്ഥാനങ്ങളിൽ അങ്ങനെ പറന്നു നടക്കുകയായിരുന്നുവെന്നും ചോദ്യങ്ങൾക്ക് മറുപടി പറയാൻ പോലും വല്ല സഹമന്ത്രിമാരുടേയും സന്മനസ്സുവേണമെന്നതാണു സ്ഥിതിയെന്നും അദ്ദേഹം ആക്ഷേപിക്കുന്നു.

ജയ്റ്റ്‌ലി പറയുന്നതിൽ കാര്യമുണ്ട്. പാർലിമെന്റിന്റെ ശീതകാല സമ്മേളനം നടക്കുമ്പോൾ പ്രധാനമന്ത്രി വാഷിങ്ടൺ, മോസ്കോ, കോപ്പൻ ഹേഗൻ, പോർട്ട് ഓഫ് സ്പെയിൻ എന്നീ തലസ്ഥാനങ്ങളിൽ ചർച്ചകളിൽ വ്യാപൃതനായി കഴിയുകയായിരുന്നു. ഒരു ജനാധിപത്യ സംവിധാനത്തിൽ പാർലിമെന്റ് സമ്മേളിക്കുമ്പോൾ പ്രധാനമന്ത്രിയുടെ സാന്നിധ്യം കൂടിയേതീരൂ. ഇവിടത്തെയന്നല്ല, എല്ലാ ജനാധിപത്യ രാജ്യങ്ങളിലേയും കീഴ്‌വഴക്കം അതാണ്. പ്രധാനമന്ത്രി മൻമോഹൻ സിങ്ങ് സൃഷ്ടിച്ചിരിക്കുന്ന ഈ ചീത്ത കീഴ്‌വഴക്കം ആവർത്തിക്കപ്പെടില്ലെന്ന് ജയ്റ്റ്‌ലി ആശ പ്രകടിപ്പിച്ചിട്ടുണ്ട്. ജയ്റ്റ്‌ലിയുടെ ആശ ഫലവത്താകുമെന്നു നമുക്ക് ആശിക്കാം.

പക്ഷെ ഈ ചീത്ത കീഴ്‌വഴക്കം ഇപ്പോൾ പെട്ടെന്ന് പൊട്ടിവീണതല്ല. മൻമോഹൻ സിങ്ങ് ഒട്ടേറെ ചീത്ത കീഴ്‌വഴക്കങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അന്നൊന്നും പ്രതിഷേധിക്കാത്തവർ ഇപ്പോൾ പ്രതിഷേധിക്കുന്നത് നിരർത്ഥകമാണ്. ഇതിന്റെയെല്ലാം തുടക്കം എവിടെയാണ്?

ഡോ. മൻമോഹൻ സിങ്ങ് പഞ്ചാബ് സ്വദേശിയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. പാർലിമെന്റിൽ അംഗമാകാൻവേണ്ടി മാത്രം അദ്ദേഹം ആസ്സാമിലെ സ്ഥിരവാസിയാണെന്ന് എഴുതിക്കൊടുത്താണ് ആസാമിൽനിന്നുള്ള രാജ്യസഭാംഗമായത്. ശരിയാണ്. ഈ വിദ്യ ഇതിന്നു മുമ്പും പിമ്പും ഒട്ടേറെ പേർ ഉപയോഗിച്ചിട്ടുണ്ട്. ഒരു തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിക്കാൻ ശേഷിയില്ലാത്ത ആ പാവങ്ങളോട് നമുക്കെല്ലാം സഹാനുഭൂതിയാണുള്ളത്. പക്ഷെ ഒരു പ്രധാനമന്ത്രി ഇത്തരം വിദ്യകൾ പ്രയോഗിക്കുന്ന ആളാകരുത്. അതുകൊണ്ടുതന്നെ അതൊരു ചീത്ത കീഴ്‌വഴക്കം സൃഷ്ടിക്കലായി. ഒരു ജയ്റ്റ്‌ലിയും ഇതിൽ പ്രതിഷേധിക്കാനുണ്ടായില്ലെന്നതും ഓർക്കേണ്ടതാണ്.

ഒരു തിരഞ്ഞെടുപ്പിൽ മൽസരിച്ചു ജയിക്കുകയും പാർലിമെന്ററി പാർട്ടിയുടെ നേതാവായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്ന ആളാണ് ഒരു ജനാധിപത്യ വ്യവസ്ഥയിൽ പ്രധാനമന്ത്രിയാകുക. ലോകത്തിലെ ഏതു ജനാധിപത്യ രാജ്യത്തിലും അങ്ങനെയാണ് പതിവ്. പഴയൊരു സംഭവം ഓർമ്മയിൽ വരുന്നു. 1950 കളിൽ പ്രധാനമന്ത്രി നെഹ്റു "ശല്യ"ക്കാരനായ ഒരു രാജ്യസഭാംഗത്തെ കേന്ദ്ര മന്ത്രിസഭയിലേക്കെടുത്തു. അക്കാലത്ത് ലോകസഭ നിറച്ച് കോൺഗ്രസ്സുകാരായിരുന്നു. പ്രതിപക്ഷ ബഞ്ചുകളിൽ ആളനക്കമുണ്ടാക്കാൻ ഒരു പിടി സോഷ്യലിസ്റ്റുകാരും കുറച്ചു കമ്യൂണിസ്റ്റുകാരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ലോക്സഭയിൽ പ്രഗത്ഭരായ ഇത്രയേറെ കോൺഗ്രസ്സുകാർ നിരന്നിരിക്കുമ്പോൾ ഒരു രാജ്യസഭാംഗത്തെ മന്ത്രിസഭയിലേക്ക് വലിച്ചിഴച്ചു കൊണ്ടുവന്നതിനെ പ്രതിപക്ഷക്കാർ എതിർത്തു.

ജനാധിപത്യ വിശ്വാസിയായ നെഹ്റുവിന്ന് പ്രതിപക്ഷത്തിന്റെ പരാതിയെ അംഗീകരിക്കാതിരിക്കാനായില്ല. എങ്കിലും അദ്ദേഹം പിന്മാറിയില്ല. ചില സാഹചര്യങ്ങളിൽ രാജ്യസഭാംഗങ്ങളേയും മന്ത്രിമാരാക്കേണ്ടിവരുമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ പ്രധാനമന്ത്രി ലോകസഭാംഗം തന്നെയായിരിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി.

നെഹ്റു അന്നു പാർലിമെന്റിൽ നൽകിയ ഉറപ്പിനെ ലംഘിച്ചുകൊണ്ടാണ് ഇന്നത്തെ കോൺഗ്രസ്സുകാർ ഒരു രാജ്യസഭാംഗത്തെ പ്രധാനമന്ത്രിയാക്കിയത്. നെഹ്റു നൽകിയ ഉറപ്പിനെ ലംഘിച്ചുവെന്നു മാത്രമല്ല, ആരെ വേണമെങ്കിലും പ്രധാനമന്ത്രിയാക്കാമെന്ന ഒരു കീഴ്‌വഴക്കം സൃഷ്ടിക്കൽകൂടിയാണിത്. എന്നിട്ടും ഒരാളും ഒരു പ്രതിഷേധ സ്വരം ഉയർത്തിയില്ല. ലോകസഭയിലേക്ക് തിരഞ്ഞെടുപ്പു നടത്തുന്നതു തന്നെ ഇതോടെ അപ്രസക്തമായിരിക്കുന്നു. പ്രധാനമന്ത്രി, ആഭ്യന്തരകാര്യമന്ത്രി, ദേശരക്ഷാമന്ത്രി, വിദേശകാര്യമന്ത്രി എന്നിങ്ങനെ പ്രധാനപ്പെട്ട വകുപ്പുകളെല്ലാം രാജ്യസഭാംഗങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ഈയിടെ ആഭ്യന്തര വകുപ്പ് ചിദംബരത്തിന്ന് നൽകിയതിനാൽ അതുമാത്രം ഒരു ജനപ്രതിനിധിയുടെ കയ്യിലെത്തി.

പണ്ട് നെഹ്റു പറഞ്ഞതുപോലെ, ചിലപ്പോൾ സാഹചര്യങ്ങളുടെ പ്രത്യേകതമൂലം ഒരു രാജ്യസഭാംഗം പ്രധാനമന്ത്രിയായിവരാം. 1991 ൽ നരസിംഹറാവു പ്രധാനമന്ത്രിയായപ്പോൾ അദ്ദേഹം രാജ്യസഭാംഗമോ ലോകസഭാംഗമോ ആയിരുന്നില്ല. തന്മൂലം ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് അദ്ദേഹം ആറുമാസത്തിന്നകം ആന്ധ്രയിലെ മേഡക് സീറ്റിൽ മത്സരിച്ചു ജയിച്ചു ലോകസഭാംഗമായി. ഡോ. മൻമോഹൻ സിങ്ങിനെപ്പോലെ ഏതെങ്കിലും സംസ്ഥാനത്തുനിന്ന് രാജ്യസഭയിൽ കയറിപ്പറ്റി പ്രധാനമന്ത്രി പദത്തിൽതുടരാമെന്ന് നരസിംഹറാവു കരുതിയില്ല. എവിടെ മത്സരിച്ചാലും തോൽക്കുന്ന ഒരാളായിരുന്നു നരസിംഹറാവു. തന്മൂലം മഹാരാഷ്ട്രത്തിലെ ഏതെങ്കിലും സീറ്റിൽ മത്സരിപ്പിക്കുകയായിരുന്നു 1991 വരെയുള്ള പതിവ്. എന്നാൽ പ്രധാനമന്ത്രി അത്തരത്തിലൊരാളായിക്കൂടാ എന്നു കരുതി മേഡക്കിലെ എം.പി. യെക്കൊണ്ട് രാജി വയ്പിച്ചാണ് നരസിംഹറാവു മേഡക്കിൽ മത്സരിച്ചത്. (എന്നിട്ടും ജയിക്കാൻ ചില "കൈക്രിയ"കൾ വേണ്ടിവന്നുവെന്ന് അക്കാലത്ത് ആരോപണമുണ്ടായിരുന്നു. അത് വേറൊരു കാര്യം). ലോകസഭയിലേക്ക് നടക്കുന്ന ഏതെങ്കിലും ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഡോ. മൻമോഹൻ സിങ്ങ് വിസമ്മതിക്കുന്നത് എന്തുകൊണ്ടാണ്? തോൽക്കുമെന്ന ഭയംകൊണ്ടാണെങ്കിൽ, നരസിംഹറാവുവിനെപ്പോലെ ജയിക്കുമെന്ന് ഉറപ്പുള്ള ഏതെങ്കിലും സീറ്റിലെ എം.പി.യെ ആസാംകാരനാക്കി രാജ്യസഭയിലേക്ക് വിട്ടശേഷം ഒഴിവു വന്ന സീറ്റിൽ എന്തുകൊണ്ട് മത്സരിച്ചുകൂടാ?

രാജ്യസഭാംഗവും ലോകസഭാംഗവും എം.പി. യാണ്; പാർലിമെന്റ് മെമ്പറാണ്. പക്ഷെ അവർക്കു തമ്മിൽ കാതലായ ചില വ്യത്യാസങ്ങളുണ്ട്. മുപ്പതോ നാൽപതോ എം.എൽ.എ. മാരുടെ പിന്തുണയുണ്ടെങ്കിൽ ഒരാൾക്ക് രാജ്യ

സഭാംഗമാകാം. ഇയാൾക്ക് നാടുമായോ നാട്ടുകാരുമായോ ഒരു ബന്ധവും വേണമെന്നില്ല. ഒരാളെ രാജ്യസഭാംഗമാക്കണമെന്ന് പാർട്ടി തീരുമാനിച്ചാൽ. പാർട്ടി എം.എൽ.എ. മാർ കണ്ണുമടച്ചു വോട്ടു ചെയ്തുകൊള്ളും. ചില പണച്ചാക്കുകൾ പാർട്ടിയെ ആശ്രയിക്കാതെത്തന്നെ, പണക്കൊഴുപ്പുകൊണ്ട് എം.എൽ.എ. മാരെ പാട്ടിലാക്കി രാജ്യസഭയിൽ കടന്നുകൂടാറുമുണ്ട്. ഇവരെയെല്ലാം ജനപ്രതിനിധിയെന്ന് വിശേഷിപ്പിക്കാറുണ്ടെങ്കിലും ഇവർക്ക് ജനങ്ങളുമായുള്ള ബന്ധം കടലാടിക്ക് കടലുമായുള്ള ബന്ധം പോലെയാണ്.

എന്നാൽ ലോകസഭാംഗത്തിന്റെ കാര്യം അതല്ല. ഒരു നിയോജകമണ്ഡലത്തിലെ പത്തുലക്ഷത്തോളം വരുന്ന വോട്ടർമാരുടെ അടുത്ത് വോട്ട് യാചിച്ചുകൊണ്ട് ചെല്ലണം. നന്നായി വിയർത്ത് പണിയെടുക്കണം. സർവ്വാരാധ്യനായ നെഹ്റുവിനുപോലും തന്റെ മണ്ഡലത്തിൽ വോട്ടുതേടേണ്ടി വരാറുണ്ട്. ഇനി ഒരുവിധത്തിൽ ജയിച്ചു പോന്നാൽ തന്നെ, അതോടെ ബാധ്യത തീരുകയില്ല. ജനങ്ങളുടെ ക്ഷേമാന്വേഷണം നടത്തണം. അവരുടെ പരാതികൾ കേൾക്കണം. അവയ്ക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണം. തോന്നിവാസങ്ങൾ വല്ലതും കാണിച്ചാൽ അടുത്ത തിരഞ്ഞെടുപ്പിൽ വോട്ടർമാർ ആട്ടി പുറത്താക്കും. ഇന്ദിരാഗാന്ധിയെപ്പോലും ജനങ്ങൾ തോൽപ്പിച്ചുവിട്ടുവെന്നോർക്കുക. രാജ്യസഭാംഗത്തിന് ആവക ശല്യമൊന്നുമില്ല. ഡോ. മൻമോഹൻ സിങ്ങിനെപ്പോലെ സുഖമായി ഇരുന്നു ഭരിക്കാം. ജനങ്ങൾ എന്തു വിചാരിക്കുമെന്നൊന്നും വേവലാതിപ്പെടേണ്ട കാര്യമില്ല.

അതുകൊണ്ടാണ് പ്രധാനമന്ത്രി ജനങ്ങളോട് ഉത്തരവാദപ്പെട്ട ലോകസഭാംഗം തന്നെയായിക്കണമെന്ന് പറയുന്നത്. അമേരിക്കയിലും ബ്രിട്ടനിലും ഫ്രാൻസിലും റഷ്യയിലുമെല്ലാം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവർ ഭരണം നടത്തുമ്പോൾ ഇന്ത്യയിൽമാത്രം ആസാമിലെ മുപ്പതോ നാൽപ്പതോ എം.എൽ.എ. മാരാൽ തിരഞ്ഞെടുക്കപ്പെട്ട ഒരാൾ ഭരണം നടത്തുന്നു.

ജനാധിപത്യ രാജ്യങ്ങളിൽ പ്രധാനമന്ത്രിമാർ പത്രസമ്മേളനം നടത്തുന്നത് സർവ്വസാധാരണമാണ്. പാർലിമെന്റിന്നകത്ത് മന്ത്രിമാരെ പിടിച്ചുനിർത്തി വിസ്തരിക്കാൻ എം.പി. മാർക്ക് ലഭിക്കുന്ന അസുലഭ വേളയാണ് ചോദ്യോത്തര സമയം. അതു നഷ്ടപ്പെട്ടതിലാണ് ജയറ്റ്ലിക്ക് പരാതി. അതുപോലെ പാർലിമെന്റിന്നു പുറത്ത് മന്ത്രിമാരെ പിടിച്ചുനിർത്തി വിസ്തരിക്കാൻ പത്രക്കാർക്ക് കിട്ടുന്ന അസുലഭ വേളയാണ് പത്രസമ്മേളനം. നെഹ്റു മുതൽ നരസിംഹറാവു വരെ എല്ലാ പ്രധാനമന്ത്രിമാരും പത്രസമ്മേളനം നടത്താറുണ്ട് പത്രക്കാരെ കണ്ണിനുനേരെ കണ്ടുകൂടാത്ത മൊറാർജി ദേശായിപോലും മാസത്തിലൊരു പത്രസമ്മേളനം നടത്താറുണ്ടായിരുന്നു. എന്നാൽ ഡോ. മൻമോഹൻസിങ് പ്രധാനമന്ത്രിയായതോടെ ആ ഏർപ്പാടും നിന്നുപോയി. ഇതൊരു ചീത്തവഴക്കമാണെന്ന് അരുൺ ജയ്റ്റ്ലിക്കോ മറ്റാർക്കെങ്കിലുമോ തോന്നാത്തതെന്തുകൊണ്ടാണ്? മൊറാർജിയെപ്പോലും വിരൽതുമ്പിലിട്ടു കറക്കാറുള്ള പത്രക്കാരാണ് ഇതിന്നു മറുപടി പറയേണ്ടത്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.